# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 30 | Issue 9 | Fortnightly | January 1, 2019 | Page 64 (32+32) | ₹ 10





- സെക്രട്ടേറിയറ്റ്/പിഎസ്‌സി, വിവിധ സർവകലാശാലകൾ എന്നിവയിൽ **കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -II**
- **ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്**
- **ഐസിഡിഎസ് സൂപ്പർവൈസർ**
- **വിഇഒ**
- **പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ**
- **ഡെപ്യൂട്ടി കളക്ടർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)**
- വിവിധ വകുപ്പുകളിൽ **സിഎ, എൽഡി ടൈപ്പിസ്റ്റ്** ഉൾപ്പെടെ

## 165 വിജ്ഞാപനം

ഈ ലക്കം ബുള്ളറ്റിൻ 32 പേജ് സപ്ലിമെന്റ് ഉൾപ്പെടെ 64 പേജ് വിലയിൽ മാറ്റമില്ല


website: www.keralapsc.gov.in E-mail: kpscbulletin@gmail.com Kerala Public Service Commission Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതിദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. കെ. പി. സജിലാൽ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി ആർ അനിൽകുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. രാധാകൃഷ്ണപിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

- വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.
- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts
ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538 (പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

## പിഎസ്‌സി അറിയിപ്പ്

### 2018ഡിസംബർ 17 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

**സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും**

1. കാറ്റഗറി നമ്പർ 407/2017 പ്രകാരം സാമൂഹ്യ ക്ഷേമ വകുപ്പിൽ നഴ്സറി ടീച്ചർ.
2. 14 ജില്ലകളിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പർ 419/2017 പ്രകാരം ലബോറട്ടറി അസിസ്റ്റന്റ്.
3. കാറ്റഗറി നമ്പർ 399/2017 പ്രകാരം വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ/അസിസ്റ്റന്റ് ഗ്രേഡ് രണ്ട്/സീനിയർ അസിസ്റ്റന്റ്/അസിസ്റ്റന്റ്/ ജൂനിയർ ക്ലാർക്ക്/ടൈം കീപ്പർ ഗ്രേഡ് രണ്ട്.

**ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും**

1. കാറ്റഗറി നമ്പർ 331/2016 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ പാതോളജി.
2. കാറ്റഗറി നമ്പർ 374/2017 പ്രകാരം വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾസ്).
3. കാറ്റഗറി നമ്പർ 330/2016 പ്രകാരം കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ചീഫ് (ഡീസെൻട്രലൈസ്ഡ് പ്ലാനിങ് ഡിവിഷൻ).
4. കാറ്റഗറി നമ്പർ 190/2017 പ്രകാരം കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ചീഫ് (സോഷ്യൽ സർവീസ്).
5. കാറ്റഗറി നമ്പർ 416/2016 പ്രകാരം കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ചീഫ് (പ്ലാൻ കോ–ഓഡിനേഷൻ ഡിവിഷൻ).
6. 14 ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പർ 277/2017 പ്രകാരം ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി).
8. 14 ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പർ 227/2016 പ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) (മലയാളം മീഡിയം).
9. കാറ്റഗറി നമ്പർ 456/2016 പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ.
10. കാറ്റഗറി നമ്പർ 457/2016 പ്രകാരം ജയിൽ വകുപ്പിൽ ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ.

**റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും**

1. കാറ്റഗറി നമ്പർ 555/2014 പ്രകാരം ജയിൽ വകുപ്പിൽ വീവിങ് ഇൻസ്ട്രക്ടർ/വീവിങ് ഫോർമാൻ/വീവിങ് അസിസ്റ്റന്റ് (പുരുഷൻമാർക്ക് മാത്രം).

**മറ്റുതീരുമാനങ്ങൾ**

1. ട്രാൻസ്ജെൻഡർ പോളിസി പ്രകാരം 2019 ജനുവരി 1 മുതൽ ഭിന്നലിംഗ വിഭാഗക്കാർക്ക് ലിംഗപദവി രേഖപ്പെടുത്താനുള്ള സംവിധാനം പി.എസ്.സി. പ്രൊഫൈലിൽ ഉൾപ്പെടു ത്താൻ തീരുമാനിച്ചു.

## ചോദിക്കൂ... പറയാം...



* ആലപ്പുഴ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) കാറ്റഗറി നമ്പർ 199/2016 തസ്തികയുടെ അഭിമുഖം കഴിഞ്ഞിട്ടുണ്ട്. റാങ്ക് പട്ടിക ഉടനെ പ്രസിദ്ധീകരിക്കുമോ ?

**രഹന, ആലപ്പുഴ**

= ടി റാങ്ക് പട്ടിക 11.12.2018 ൽ പ്രസിദ്ധീകരിച്ചു.

* കോട്ടയം ജില്ലയിൽ ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 455/2016) തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചോ ?

**അനിത പി. കോട്ടയം**

= ടി തസ്തികയുടെ റാങ്ക് പട്ടിക 11.12.2018 ൽ പ്രസിദ്ധീകരിച്ചു.

* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് രണ്ട് (പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം) കാറ്റഗറി നമ്പർ 37/2017 തസ്തികയുടെ സാധ്യതാ പട്ടിക ഉടൻ വരുമോ ?

**ബിനു, ചിറയിൽ**

= ടി സാധ്യതാ പട്ടിക 15.12.2018 ൽ നിലവിൽ വന്നു.

* ഫയർ ആൻഡ് റസ്ക്യൂ സർവീസസ് വകുപ്പിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ (കാറ്റഗറി നമ്പർ 70/2017) ഡ്രൈവിങ് ടെസ്റ്റ് കഴിഞ്ഞിട്ടുള്ള ചുരുക്കപ്പട്ടിക വൈകുന്നതെന്ത് ?

**ഹരി, പള്ളിയറ**

= ടി ചുരുക്ക പട്ടിക 19.12.2018 ൽ പ്രസിദ്ധീകരിച്ചു.

* ആരോഗ്യവകുപ്പിൽ റേഡിയോഗ്രാഫർ ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 189/2016) തസ്തികയുടെ റാങ്ക് പട്ടിക എപ്പോൾ പ്രസിദ്ധീകരിക്കും ?

**സന്തോഷ്, അവനവൻഞ്ചേരി**

= ടി റാങ്ക് പട്ടിക 19.12.2018 ൽ പ്രസിദ്ധീകരിച്ചു.

* കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ലോവർ ഡിവിഷൻ ക്ലാർക്ക് (കാറ്റഗറി നമ്പർ 561/2014) തസ്തികയുടെ സാധ്യതാ പട്ടിക വൈകുന്നതെന്താണ് ?

**മണിയൻ, ആറ്റിങ്ങൽ**

= ടി തസ്തികയുടെ സാധ്യതാ പട്ടിക 20.12.2018 ൽ പ്രസിദ്ധീകരിച്ചു.

* കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്.) വിജ്ഞാപനം ഡിസംബറിൽ തന്നെ കാണും എന്ന് പത്രമാധ്യമങ്ങളിൽ നിന്ന അറിഞ്ഞു. വിജ്ഞാപനം എന്തായി ?

**രാജേഷ്, കിളിമാനൂർ**

= സർക്കാർ ഉത്തരവ് വൈകുന്നതിലാണ് വിജ്ഞാപനം ചെയ്യാൻ കഴിയാത്തത്. ഉത്തരവ് ലഭ്യമായാൽ ഉടനെ വിജ്ഞാപനം പുറപ്പെടുവിക്കും.

* വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.സ്കൂൾ/യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള സ്റ്റേ ഉടനെ മാറുമോ. ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ?

**പദ്മകുമാർ, മാമം**

= കോടതി സ്റ്റേ നീക്കിയിട്ടുണ്ട് ഡിസംബറിൽ തന്നെ ടി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 29 - 12 - 2018, 31 - 12 - 2018 തീയതികളിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 29 – 12 – 2018 അവസാന തീയതി: 30 – 01 – 2019 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയിതിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് /നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 232/2018 – 234/2018
### അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)
### പൊതുമരാമത്ത്/ ജലസേചനം

**1 വകുപ്പ്** : പൊതുമരാമത്ത്/ ജലസേചനം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)
**3. ശമ്പളം** : ₹39500–83000
**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** ഡിപ്പാർട്ട്മെന്റൽ ക്വാട്ട ഒഴികെയുള്ള തസ്തികയിലേയ്ക്ക് 17.10.2018 ലെ G.O.(P)No.61/2012/SWD സർക്കാർ ഉത്തരവ് പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട Locomotor Disabiltiy/ Cerebral Pasly, Low Vision, Hearing Impairment ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി:**
I.കാറ്റഗറി നമ്പർ 232/18 : നേരിട്ടുള്ള നിയമനം
II.കാറ്റഗറി നമ്പർ 233/18 : നേരിട്ടുള്ള നിയമനം
പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്ന് മാത്രം (പൊതുമരാമത്ത് വകുപ്പിലേക്കുള്ള നിയമനം)
III.കാറ്റഗറി നമ്പർ 234/18 നേരിട്ടുള്ള നിയമനം (ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്ന്മാത്രം) (ജലസേചന വകുപ്പിലേക്കുള്ള നിയമനം)

ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിലേക്കുള്ള നിയമനം (കാറ്റഗറി IIഉം, III ഉം) ബന്ധപ്പെട്ട വകുപ്പുകളിലെ ഒന്നാം ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ് മാൻ, രണ്ടാം ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ് മാൻ, മൂന്നാം ഗ്രേഡ് ഓവർസിയർ/ ട്രേസർ എന്നീ തസ്തികകളിൽ രണ്ടു വർഷത്തിൽ കുറയാത്ത സർവ്വീസുള്ളവരിൽ നിന്നും ടി വകുപ്പുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ആറു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളവരിൽ നിന്നും മാത്രം നടത്തുന്ന നേരിട്ടുള്ള നിയമനമാണ്. മേൽപ്പറഞ്ഞ തസ്തികകളിൽ താൽകാലിക അടിസ്ഥാനത്തിൽ (പ്രൊവിഷണൽ) ജോലി നോക്കുന്നവർ ഈ വിജ്ഞാപന പ്രകാരം അപേക്ഷ അയയ്ക്കുവാൻ പാടില്ല.

**കുറിപ്പ്:** (1) 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗം 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിലുള്ള (കാറ്റഗറി II ഉം III ഉം) തെരഞ്ഞെടുപ്പുകൾക്ക് ബാധകമല്ല.

**കുറിപ്പ്:** (2) മേൽപ്പറഞ്ഞ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രതിരോധസേനയിലെ സേവനം ആവശ്യപ്പെടുന്ന സമയത്ത് അവരുടെ ആദ്യത്തെ 10 വർഷത്തെ സേവനത്തിനിടയിൽ 4 വർഷം (പരിശീലനകാലം ഉൾപ്പെടെ) പ്രതിരോധ സർവ്വീസിലോ പ്രതിരോധം സംബന്ധിച്ച ജോലിയിലോ ഇൻഡ്യയിലെവിടെയെങ്കിലുമോ വിദേശത്തോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. ഈ നിർബന്ധിത സൈനീക സേവനം 40 വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ബാധകമല്ല.

**കുറിപ്പ്:** (3) ഓരോ കാറ്റഗറിക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. കാറ്റഗറി I നായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പൊതുമരാമത്ത് (റോഡ്സ് ആന്റ് ബിൽഡിങ്ങ്സ്), ഇറിഗേഷൻ എന്നീ രണ്ടു വകുപ്പുകൾക്കും പൊതുവായിട്ടുള്ള റാങ്ക് ലിസ്റ്റ് ആയിരിക്കും. ഈ രണ്ടു വകുപ്പുകളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നടത്തുന്നതാണ്.

**6. പ്രായം** : നേരിട്ടുള്ള നിയമനം.
21–40, ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)
പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും. (വയസ്സിളവ് സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക)
ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിലേക്കുള്ള
നിയമനം (കാറ്റഗറി II ഉം III ഉം) : 01.01.2018ൽ 21 (ഇരുപത്തിയൊന്ന്) വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധി ഈ തെരഞ്ഞെടുപ്പുകൾക്ക് ബാധകമല്ല. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായം 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : (എ) കാറ്റഗറി I മുതൽ IIIവരെ
(എ) (i) കേരള സർവ്വകലാശാലയുടെ ബി.എസ്.സി/ ബി.ടെക് എഞ്ചിനീയറിംഗ് (സിവിൽ) ഡിഗ്രിയോ അല്ലെങ്കിൽ മദ്രാസ് സർവ്വകലാശാലയുടെ ബി.ഇ (സിവിൽ)ഡിഗ്രിയോ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും യോഗ്യത.

**അല്ലെങ്കിൽ**

(ii) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സിന്റെ സിവിൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും ഡിപ്ലോമ.

**അല്ലെങ്കിൽ**

(iii) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷന്റെ 'എ' യും 'ബി'യും സെക്ഷനുകളിലുള്ള വിജയം.

ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിലേക്കുള്ള നിയമനം (കാറ്റഗറി II, III):
(ബി) മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ കൂടാതെ ഒന്നാം ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ് മാൻ, രണ്ടാം ഗ്രേഡ് ഓവർസിയർ / ഡ്രാഫ്റ്റ്സ് മാൻ, മൂന്നാം ഗ്രേഡ് ഓവർസിയർ/ ട്രേസർ എന്നിവർക്ക് ബന്ധപ്പെട്ട വകുപ്പിൽ ഒന്നോ അതിലധികമോ തസ്തികകളിൽ രണ്ടു വർഷത്തിൽ കുറയാത്ത സേവന പരിചയവും ക്ലാർക്ക്, ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് ബന്ധപ്പെട്ട വകുപ്പിൽ പ്രസ്തുത തസ്തികകളിൽ ആറു വർഷത്തിൽ കുറയാത്ത സേവന പരിചയും ഉണ്ടായിരിക്കണം.

കുറിപ്പ്: അങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ സേവന ദൈർഘ്യം തെളിയിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നോ വകുപ്പ് മേധാവിയിൽ നിന്നോ ലഭിച്ച സർവ്വീസ് സർട്ടിഫിക്കറ്റിന്റെ അസ്സൽ വാങ്ങി സൂക്ഷിക്കുകയും കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റ് താഴെ കാണിച്ചിട്ടുള്ള മാതൃകയിൽ ആയിരിക്കണം.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** (1) KS & SSR പാർട്ട് II റൂൾ 10(a)(ii)ബാധകമാണ് (ഡിപ്പാർട്ട്മെന്റ് ക്വാട്ടയ്ക്ക് കുറിപ്പ് (3) ബാധകമല്ല.)

### കാറ്റഗറി നമ്പർ: 235/2018
### ലക്ചറർ ഇൻ അപ്ലൈഡ് ആർട്ട്
### സാങ്കേതിക വിദ്യാഭ്യാസം
### (ഫൈൻ ആർട്സ് കോളേജുകൾ)

**1 വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (ഫൈൻ ആർട്സ് കോളേജുകൾ)

2. ഉദ്യോഗപ്പേര : ലക്ചറർ ഇൻ അപ്ലൈഡ് ആർട്ട്
3. ശമ്പളം : ₹39500–83000/
4. ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)
5. നിയമന രീതി : നേരിട്ടുള്ള നിയമനം
6. പ്രായം : (20–36) ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം.
(രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും വിധവകൾക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും അപ്ലൈഡ് ആർട്ടിൽ ഒന്നാം ക്ലാസ്സിലോ, 55% മാർക്കിൽ കുറയാതെ രണ്ടാം ക്ലാസ്സിലോ നേടിയ ബിരുദം അല്ലെങ്കിൽ രണ്ടാം ക്ലാസ്സിൽ നേടിയ ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

(a) എസ്. എസ്. എൽ. സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
(b) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ അപ്ലൈഡ് ആർട്ടിൽ ഒന്നാം ക്ലാസ്സിലോ 55% മാർക്കിൽ കുറയാതെ രണ്ടാം ക്ലാസ്സിലോ ലഭിച്ച നാഷണൽ ഡിപ്ലോമ (ബിരുദത്തിന് തുല്യമായത്)

**മുൻഗണന:**
12.02.1970 ലെ G.O. (MS) No. 50/70/PD പ്രകാരം (ഭേദഗതി വരുത്തിയ) മേജർ എക്സിബിഷനുകൾ, വൺമാൻ ഷോ, ഗ്രൂപ്പ് ഷോ എന്നിവയിലുള്ള പങ്കാളിത്തം.

**കുറിപ്പ്:** 1. KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 236/2018
## ജനറൽ ഫിസിയോതെറാപ്പിസ്റ്റ്
## ആരോഗ്യം

1 വകുപ്പ് : ആരോഗ്യം
2. ഉദ്യോഗപ്പേര് : ജനറൽ ഫിസിയോതെറാപ്പിസ്റ്റ്
3. ശമ്പളം : ₹32300–68700/
4. ഒഴിവുകളുടെ എണ്ണം : 06 (ആറ്)
5. നിയമന രീതി : നേരിട്ടുള്ള നിയമനം
6. പ്രായം : 18–36; ഉദ്യോഗാർത്ഥികൾ 02/01/1982 നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
7. യോഗ്യതകൾ : 1. ഫിസിയോതെറാപ്പിയിലുള്ള ബാച്ചിലർ ബിരുദം

**അല്ലെങ്കിൽ**

2. എ) പ്രീയൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം
ബി) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ച ഫിസിയോതെറാപ്പിയിലുള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

സി) പ്രതിരോധ സേനയിൽ നിന്നുള്ള ഫിസിയോതെറാപ്പിസ്റ്റ് അസിസ്റ്റന്റ് ക്ലാസ്സ് II ട്രൈനിംഗ് നേടിയിരിക്കണം.

**കുറിപ്പ്** I: ഫിസിയോതെറാപ്പിയിൽ ബാച്ചിലർ ബിരുദം നോടിയവർക്ക് മുൻഗണന നൽകുന്നതാണ്.
**കുറിപ്പ്** IV: Ks & SSR പാർട്ട് II റൂൾ 10 (a) (II) ബാധകമാണ്.

## കാറ്റഗറി നമ്പർ:237/2018
## ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോഓപ്പറേറ്റീവ് സൊസൈറ്റീസ്
## സഹകരണം

1 വകുപ്പ് : സഹകരണം
2 ഉദ്യോഗപ്പേര് : ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോഓപ്പറേറ്റീവ് സൊസൈറ്റീസ്
3 ശമ്പളം : ₹ 29200–59400/–(പുതുക്കിയത്)
4 ഒഴിവുകളുടെ എണ്ണം : പ്രതീക്ഷിത ഒഴിവുകൾ.

**കുറിപ്പ്:** 03.01.2013 ലെ G.O (P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മുന്ന് ശതമാനം) ഒഴിവുകൾ Locomotor Disabiltiy/Cerebral Palsy,Hearing Impairment, Low Vision എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : (എ) 18–37 (02/01/1981നും 01.01.2000 നും (രണ്ട് തീയ്തികളും ഉൾപ്പെടെ) ഇടയിൽ ജനിച്ച ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ.)
(ബി)അപ്പക്സ്/റീജിയണൽ/സെൻട്രൽ എന്നീ സഹകരണ സ്ഥാപനങ്ങളിലെ സൂപ്പർ വൈസർമാർ/ഇൻസ്പെക്ടർമാർ/മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവർക്കും സംസ്ഥാനത്തെ പ്രൈമറി സഹകരണ സ്ഥാപനങ്ങളിലെ ക്ലാർക്ക്, മാനേജർ, സെക്രട്ടറി എന്നിവർക്കും 01/01/2018ൽ 38 വയസ്സ് തികയാൻ പാടില്ല.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

7 **യോഗ്യതകൾ** (എ) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സഹകരണം പ്രത്യേക വിഷയമായി എടുത്ത ബി.കോം ബിരുദം

അല്ലെങ്കിൽ

(ബി) (I) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി. എ അല്ലെങ്കിൽ ബി.എസ്.സി അല്ലെങ്കിൽ ബി.കോം ബിരുദവും
(ii) സഹകരണത്തിൽ ഹയർ ഡിപ്ലോമയും (എച്ച്. ഡി.സി)

അല്ലെങ്കിൽ

സഹകരണ വകുപ്പ് നടത്തുന്ന സബോർഡിനേറ്റ് പേർസണൽ ട്രൈനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയായിരിക്കണം

അല്ലെങ്കിൽ

കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് യൂണിയൻ നൽകുന്ന ജനിയർ !ഡിപ്ലോമ ഇൻ കോഓപ്പറേഷൻ

അല്ലെങ്കിൽ

(സി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി നടത്തുന്ന ബി.എസ്.സി ഡിഗ്രി (കോ ഓപ്പറേഷനും ബാങ്കിംങ്ങും)

അല്ലെങ്കിൽ

(ഡി) സഹകരണം വിശേഷാൽ വിഷയമായുള്ള ഡിപ്ലോമ ഇൻ റൂറൽ സർവ്വീസ് (നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യുക്കേഷൻ നൽകുന്നത്)

അല്ലെങ്കിൽ

(ഇ) ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് (ഡീംഡ് യൂണിവേഴ്സിറ്റി) നൽകുന്ന കോ ഓപ്പറേറ്റീവ് ഡിഗ്രി (ബാച്ചിലർ ഓഫ് കോഓപ്പറേഷൻ) സംസ്ഥാനത്തെ അപ്പക്സ്/റീജിയണൽ/സെൻട്രൽ എന്നീ സഹകരണ സ്ഥാപനങ്ങളിൽ സൂപ്പർ വൈസർ!മാർ/ഇൻസ്പെക്ടർമാർ /മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവർക്കും പ്രൈമറി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും താഴെ പറയുന്ന യോഗ്യത ഉണ്ടായിരിക്കണം.
(i)എസ്.എസ്. എൽ.സിയോ തത്തുല്യമായ യോഗ്യതയോ പാസ്സായിരിക്കണം.
(ii)സഹകരണത്തിൽ ഹയർ ഡിപ്ലോമ

അല്ലെങ്കിൽ

സഹകരണത്തിൽ ജൂനിയർ ഡിപ്ലോമ
(iii) സംസ്ഥാനത്തെ അപ്പക്സ്/റീജിയണൽ/സെൻട്രൽ എന്നീ സഹകരണ സ്ഥാപനങ്ങളിൽ സൂപ്പർവൈസർമാർ/ഇൻസ്പെക്ടർ ആയോ അല്ലെങ്കിൽ ടി സ്ഥാപനങ്ങളിലെ ഏതെങ്കിലും മിനിസ്റ്റീരിയൽ തസ്തികയിലോ സംസ്ഥാനത്തെ പ്രൈമറി സഹകരണ സ്ഥാപനങ്ങളിൽ ക്ലർക്ക്, സെക്രട്ടറി, മാനേജർ എന്നീ വിഭാഗങ്ങളിലേയോ അഞ്ചു വർഷത്തിൽ കുറയാതെയുള്ള സർവ്വീസ് ഉണ്ടായിരിക്കണം
താഴെ അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്** : 1 .KS & SSR പാർട്ട് II റൂൾ 10(a) ii ബാധകമാണ്.

**8.ട്രെയിനിംഗ്**
എ) നേരിട്ടുള്ള നിയമനം വഴി ജൂനിയർ ഇൻസ്പെക്ടർമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ (ആഡിറ്റർമാരും സ്പെഷ്യൽ ഇൻസ്പെക്ടർമാരും ഉൾപ്പെടെ സഹകരണത്തിൽ മുൻപ് പരിശീലനം നേടിയിട്ടില്ലെങ്കിൽ ജൂനിയർ ഡിപ്ലോമാ ഇൻ കോഓപ്പറേഷൻ കോഴ്സ് വിജയകരമായി പങ്കെടുത്തിരിക്കണം.
ബി) ഇന്റർ മീഡിയറ്റ് ആഫീസേഴ്സ് ട്രെയിനിംഗ് നേടിയിട്ടില്ലാത്ത ജൂനിയർ ഇൻസ്പെക്ടർമാർ (ആഡിറ്റർമാരും സ്പെഷ്യൽ ഇൻസ്പെക്ടർമാരും ഉൾപ്പെടെ) മൂന്നു മാസത്തെ ഫീൽഡ് ട്രൈയിനിംഗിന് വിധേയരാകേണ്ടതാണ്. ഇതിൽ ഒരു മാസം സഹകരണത്തിനുവേണ്ടിയുള്ള ഒരു എക്സ്റ്റൻഷൻ ആഫീസറുടെ കൂടെയും ഒരു മാസം സഹകരണ സംഘങ്ങളിലെ ഒരു ആഡിറ്ററുടെ കൂടെയും ഒരു മാസം ഡെപ്യൂട്ടി രജിസ്ട്രാറുടെ ആഫീസിലുമായിരിയ്ക്കും.ജൂനിയർ ആഫീസേഴ്സ് ട്രൈയിനിംഗ് കഴിഞ്ഞിട്ടുള്ള ജൂനിയർ ഇൻസ്പെക്ടർമാർ (ആഡിറ്റർമാരും സ്പെഷ്യൽ ഇൻസ്പെക്ടർമാരും ഉൾപ്പെടെ) പരിചയ സമ്പന്നനായ ഒരു ഇൻസ്പെക്ടറുടെ കൂടെ ഒരു മാസം മാത്രം മുകളിൽ പറഞ്ഞിട്ടുള്ള ഫീൽഡ് ട്രെയിനിംഗ് വിധേയരായാൽ മതിയാകും.
സി) മുകളിൽ (എ) ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ട്രെയിനിംഗും (ബി) ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഫീൽഡ് ട്രെയിനിംഗും പ്രൊബേഷൻ കാലയളവിനുള്ളിൽ പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

**9. എഗ്രിമെന്റ്** ജൂനിയർ ഇൻസ്പെക്ടറായി സർവ്വീസിൽ നിയമിക്കപ്പെടുന്നയാൾ മുകളിൽ നിർദ്ദേശിച്ചിട്ടുള്ള ട്രെയിനിംഗ് കോഴ്സിന് വിധേയനാകും മുൻപ്.
1. താൻ മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനിംഗിന്റെയും ഇൻസ്ട്രക്ഷന്റെയും മുഴുവൻ കാലാവധിയും അതിന് വിധേയമായിക്കൊള്ളാമെന്നും.
2. ട്രെയിനിംഗ് പൂർത്തിയാക്കിയ ശേഷം അഞ്ചു വർഷത്തിൽ കുറയാതെയുള്ള കാലം സഹകരണവകുപ്പിൽ സേവനം അനുഷ്ഠിച്ചുകൊള്ളാമെന്നും.
3. ഒന്നും രണ്ടും ഖണ്ഡികകളിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും നിറവേറ്റാൻ കഴിയാതെ വരുന്ന പക്ഷം മുകളിൽ നിർദ്ദേശിച്ചിട്ടുള്ള ട്രെയിനിംഗിന്റെയും ഇൻസ്ട്രക്ഷന്റെയും കാലാവധിയ്ക്കുള്ളിൽ ശമ്പളയിനത്തിലും അലവൻസായി (യാത്രാപ്പടി ഒഴികെ) താൻ പറ്റിയിട്ടുള്ള മുഴുവൻ തുകയും സ്റ്റേറ്റ് ഗവൺമെന്റിന് തിരികെയടച്ചുകൊള്ളാമെന്നും ഉള്ളതിന്റെ ബാധ്യത ഉറപ്പുചെയ്യുന്ന ഒരു എഗ്രിമെന്റ് ശരിയായ ഫോറത്തിൽ രണ്ട് ജാമ്യക്കാർ സഹിതം എഴുതി സമ്മതിച്ച് ഒപ്പിട്ട് കൊടുക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 238/2018
## സൂപ്പർവൈസർ (ഐ.സി.ഡി.എസ്)
## വനിതാ ശിശു വികസന വകുപ്പ്

1 വകുപ്പ് : വനിതാ ശിശു വികസന വകുപ്പ്
2 ഉദ്യോഗപ്പേര് : സൂപ്പർവൈസർ (ഐ.സി.ഡി.എസ്)
3 ശമ്പളം : ₹ 26500 –56700/–
4 ഒഴിവുകളുടെ എണ്ണം : 30 (മുപ്പത്)
5 നിയമന രീതി : നേരിട്ടുള്ള നിയമനം (ജനറൽ കാറ്റഗറിയിൽ നിന്ന്) (ഈ തസ്തിക സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു. ഭിന്നശേഷിക്കാർ അപേക്ഷിക്കുവാൻ അർഹരല്ല)
6 പ്രായം : 18 –36; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും (രണ്ടു തീയതികളും ഉൾപ്പെടെ)ഇടയിൽ ജനിച്ചവരായിരിക്കണം.മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ, വിഭാഗത്തിൽ ഉള്ളവർക്കും നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സ്കീം പ്രൊജക്ട് പ്രകാരം റഗുലർ അംഗൻവാടി വർക്കേഴ്സ് ആയി സേവനമനുഷ്ഠിച്ചവർക്ക് അവരുടെ സേവനകാലത്തിന്റെ ദൈർഘ്യത്തോളം ഈ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

**7. യോഗ്യതകൾ**
1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സോഷ്യോളജി /സോഷ്യൽ വർക്ക്,ഹോം സയൻസ് അല്ലെങ്കിൽ സൈക്കോളജി എന്നിവയിൽ ഏതിലെങ്കിലും ലഭിച്ച ബിരുദം.

അല്ലെങ്കിൽ

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും മറ്റേതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദത്തോടൊപ്പം ഭാരതീയ/സംസ്ഥാന ശിശുക്ഷേമ കൗൺസിലോ അല്ലെങ്കിൽ മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങളോ നൽകുന്ന ഒരു വർഷത്തെ ബാലസേവികാ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്.

**8. പ്രൊബേഷൻ**
നേരിട്ടുള്ള നിയമനം വഴി ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**9.ട്രെയിനിംഗ്**
നിയമനം ലഭിക്കുന്ന ഓരോ ഉദ്യോഗാർത്ഥിയും സർക്കാരോ/വകുപ്പ് ഡയറക്ടറോ കാലാകാലങ്ങളിൽ നടത്തുന്ന ട്രെയിനിംഗിന് വിധേയമാകേണ്ടതാണ്. ട്രെയിനിംഗ് കാലഘട്ടം സേവന കാലമായി പരിഗണിക്കുന്നതാണ്.

**കുറിപ്പ്:** 1. KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 239/2018
## ട്രാൻസ്ലേറ്റർ (മലയാളം ടു ഇംഗ്ലീഷ്)
## അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം

1. വകുപ്പ് : അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
2. ഉദ്യോഗപ്പേര് : ട്രാൻസ്ലേറ്റർ (മലയാളം ടു ഇംഗ്ലീഷ്)
3. ശമ്പളം : ₹ 26500–56700/–
4. ഒഴിവുകളുടെ എണ്ണം : 01 (ഒന്ന്)
5. നിയമനരീതി : നേരിട്ടുള്ള നിയമനം.
6. പ്രായം : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും, മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, വിധവകൾക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്തകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക).
7. യോഗ്യതകൾ : മലയാളം ഉപഭാഷയായി പഠിച്ച്, ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദം.

**കുറിപ്പ്:** 1 KS&SSR Part-II Rule 10 (a) (ii) ബാധകമാണ്

## കാറ്റഗറി നമ്പർ: 240/2018
## മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II
## ആരോഗ്യം

1 വകുപ്പ് : ആരോഗ്യം
2. ഉദ്യോഗപ്പേര് : മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II
3. ശമ്പളം : ₹ 22,200–48,000/
4. ഒഴിവുകളുടെ എണ്ണം : 01 (ഒന്ന്)

**കുറിപ്പ്:** 03/01/2013ലെ GO(P) No. 01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലനവൈകല്യമുള്ളവർ,സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ. കാഴ്ചവൈകല്യമുള്ള ഭിന്നശേഷി വിഭാഗങ്ങൾ ടി തസ്തികയിലേക്കുള്ള 3% നിയമന സംവരണത്തിന് അനുയോജ്യമായി സർക്കാർ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ഭിന്നശേഷി വിഭാഗങ്ങൾ ടി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**5.നിയമന രീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം :** 18–36: ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി /പട്ടിക വർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**7. യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ മെഡിക്കൽ ഡോക്യുമെന്റേഷനിലുള്ള ബിരുദം (മെഡിക്കൽ ഡോക്യുമെന്റേഷനിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും).

**അല്ലെങ്കിൽ**

2) തിരുവനന്തപുരം ശ്രീചിത്രാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും ലഭിച്ച മെഡിക്കൽ റെക്കോർഡ്സ് സയൻസിലുള്ള ഡിപ്ലോമ.

മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് ഒരു വർഷത്തെ പരിശീലനം നേടിയിട്ടുള്ള പ്രീഡിഗ്രി/ഹയർ സെക്കന്ററി/പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുള്ളവരേയും പരിഗണിക്കും.

**കുറിപ്പ്:** III. KS&SSR Part II റൂൾ10(a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ:241/2018
## ഡിസ്ട്രിക്റ്റ് മാനേജർ
## കേരള സംസ്ഥാന പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

| | | |
|---|---|---|
| 1 | **സ്ഥാപനത്തിന്റെ പേര്** | : കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : ഡിസ്ട്രിക്റ്റ് മാനേജർ |
| 3 | **ശമ്പളം** | : ₹ 20740–36140/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : 03 (മൂന്ന്) |

**കുറിപ്പ് :** i) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശുപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശുപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആകാലയളവിനുള്ളിലായിരിക്കണം

| | | |
|---|---|---|
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| 6 | **പ്രായം** | : 18–38 ഉദ്യോഗാർത്ഥികൾ 02.01. |

1980നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi), (vii) & (xii) നോക്കുക.)

**7. യോഗ്യതകൾ :**

(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്ന് ആർട്സ് / സയൻസ് / കൊമേഴ്സ് വിഷയങ്ങളിലേതെങ്കിലുമൊന്നിൽ ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാംക്ലാസ് ബിരുദാനന്തരബിരുദം.

(2) പ്ലാൻ സ്കീം / ഡെവലപ്മെന്റ് സ്കീമുമായി ബന്ധപ്പെട്ട സർക്കാർ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനത്തിൻ കീഴിൽ ഡെവലപ്മെന്റ് സ്കീം നടപ്പാക്കുന്നതിൽ രണ്ടു വർഷത്തെ പരിചയം.

**കുറിപ്പ് :** മുകളിൽ ഒന്നാം ഇനത്തിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന യോഗ്യത ആർജ്ജിച്ചതിനുശേഷമുള്ള പ്രവൃത്തി പരിചയമായിരിക്കണം.

**കുറിപ്പ് :** 1 .KS & SSR Part II Rule 10(a)(ii) ബാധകമാണ്.

2. വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(3) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി,സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** 1 പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദേശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാൻഡ് ഇമേജ് അപ്‌ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനുശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തിയതിക്കു മുൻപായി നേടിയതായിരിക്കണം

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. പരിചയസർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19–ാം ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് 2 ലെ 19, 20 & 21 ഖണ്ഡികകൾ കാണുക.

5. ജോലിചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 242/2018
## ഫിനാൻസ് മാനേജർ
## കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX)
## പാർട്ട് I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX) |
| 2. | **ഉദ്യോഗപ്പേര്** | : ഫിനാൻസ് മാനേജർ |
| 3. | **ശമ്പളം** | : ₹ 20700–26600/– |
| 4. | **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |

**കുറിപ്പ്:** i) ഈ തസ്തികയ്ക്ക് കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ (ഹാന്റക്സ്) നിന്നും അറിയിച്ച 1 (ഒരു) ഒഴിവ് ജനറൽ വിഭാഗത്തിനുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ് ആന്റ് എസ്.എസ്.ആർ.ലെ ജനറൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം :** 18–40, ഉദ്യോഗാർത്ഥികൾ 02/01/1978നും 01/01/2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട്IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**യോഗ്യതകൾ:**

1. സി.എ./ഐ.സി.ഡബ്ല്യു.എ. പാസ്സായിരിക്കണം.

2. സൂപ്പർവൈസറി ലെവലിൽ 5 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ് :** 1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** 1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പൊതു വ്യവസ്ഥകളിലെ രണ്ടാം (2) ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും 5 (a), 7 എന്നീ ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 243/2018
## ഫിനാൻസ് മാനേജർ
## കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോ – ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX)
### വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX) |
| 2. | **ഉദ്യോഗപ്പേര്** | : ഫിനാൻസ് മാനേജർ |
| 3. | **ശമ്പളം** | : ₹ 20700 – 26600 |
| 4. | **ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് |

**കുറിപ്പ് :** i) ഈ തസ്തികയ്ക്ക് ഇനി കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ (HANTEX) നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ കാറ്റഗറി വിഭാഗത്തിനുള്ളതാണ്.

**iii)** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

**iv))** KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമന രീതി :** കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നി

ന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ :** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) സി.എ./ഐ.സി.ഡബ്ല്യൂ.എ. പാസ്സായിരിക്കണം.

3) സൂപ്പർവൈസറി ലെവലിൽ 5 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ് :** 1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

3) പരിചയ സർട്ടിഫിക്കറ്റ് & സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

4ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

**2)** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ് :**i) ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യാഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് &എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11പൊതു വ്യവസ്ഥകളിലെ 2, 5(a), 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 244/2018
## ട്രേസർ/ഓവർസീയർ ഗ്രേഡ് III
## കേരള വാട്ടർ അതോറിറ്റി

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള വാട്ടർ അതോറിറ്റി |
| 2 | **ഉദ്യോഗപ്പേര്** | : ട്രേസർ/ഓവർസീയർ ഗ്രേഡ് III |
| 3 | **ശമ്പളം** | : ₹ 20100 – 53300/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 86 (എൺപത്തിയാറ്) |

(II) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ് നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

(iii) 20.12.2014ലെ G.O(p)No.101/2014/SJD ഉത്തരവ് അനുസരിച്ചു 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor disabiltiy/Cerebral pasly,hearing impairment,visual impairment)ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം. |
| 6 | **പ്രായം** | : 19–36 ഉദ്യോഗാർത്ഥികൾ 01.01. |

1999നും 02.01.1982നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

എസ്സ്‌സി /എസ്സ്ടി, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസിളവ് ഉണ്ടായിരിക്കും .

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2 –ാം ഖണ്ഡിക നോക്കുക.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും പ്രൊവിഷണലായി ജോലിനോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലിനോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

**7. യോഗ്യതകൾ:** (1) എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണംകൂടാതെ താഴെ പറയുന്ന I മുതൽ VII വരെയുള്ള യോഗ്യതകളിൽ ഏതെങ്കിലും ഒരു യോഗ്യത നേടിയിരിക്കണം.

(i) തൃശ്ശൂർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിലെ (എം.ടി.ഐ ) ഡ്രാഫ്റ്റസ്മാൻ കോഴ്സ് (മെക്കാനിക്കൽ) ഡിപ്ലോമ.

അല്ലെങ്കിൽ

(ii) കെ.ജി.ടി.ഇ/എം.ജി.ടി.ഇ ലോവർ ഗ്രേഡ് ഡ്രോയിംഗ് ഗ്രൂപ്പ് സ4ട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

(iii) എഞ്ചീനീയറിംഗ് കോളേജിലോ ടി.ടി സ്കീം അനുസരിച്ചോ ഇൻഡ്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ നിന്നും 18 മാസത്തെ പരിശീലനത്തിനുശേഷമോ സിവിൽ അല്ലെങ്കിൽ മെക്കാനിക്കൽ ട്രെയിനികൾക്ക് ലഭിക്കുന്ന സെക്കന്റ് ഗ്രേഡ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

(iv)കുറഞ്ഞത് മൂന്ന് വർഷത്തെ ഫുൾ ടേം അപ്രന്റീസ്ഷിപ്പ് പൂർത്തിയായതിനുശേഷം ഡ്രാഫ്റ്റസ്മാൻ (സിവിൽ) അല്ലെങ്കിൽ ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ട്രേഡിൽ ലഭിച്ച നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

(V) കെ.ജി.ടി.ഇ/ എം.ജി.ടി.ഇ ബിൽഡിംഗ് ഡ്രോയിംഗ് ആന്റ് എസ്റ്റിമേറ്റിംഗ് (ഹയർ അല്ലെങ്കിൽ ലോവർ) സർട്ടിഫിക്കറ്റും കെ.ജി.ടി.ഇ/എം.ജി.ടി.ഇയുടെ മറ്റ് ഏതെങ്കുലും രണ്ട് സിവിൽ എഞ്ചീനീയറിംഗ് വിഷയങ്ങളും

അല്ലെങ്കിൽ

(vi) സംസ്ഥാനത്തെ വനിതാ പോളിടെക്നിക്കുകളിൽ നിന്നും ലഭിച്ച സിവിൽ എഞ്ചീനീയറിംഗ് ഡിപ്ലോമ (രണ്ടു വ4ഷത്തെ കോഴ്സ്)

അല്ലെങ്കിൽ

(vii) ഇൻഡ്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ സെന്ററുകളിൽ നിന്നോ 18 മാസത്തെ കോഴ്സും 6 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗും പൂർത്തിയാക്കിയതിനുശേഷം ലഭിക്കുന്ന സർവ്വേയർ ട്രേഡ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

(2) കേരള ഗവൺമെന്റിന്റെയോ മദ്രാസ് ഗവൺമെന്റിന്റെയോ എസ്.എസ്.എൽ.സി. പരീക്ഷ താഴെപ്പറയുന്ന പ്രകാരമുള്ള മാർക്കോടുകൂടി പാസായിരിക്കണം.

(എ) ഫസ്റ്റ് ലാംഗേ്വജ് പാർട്ട് ഒന്ന് : 40%
(ബി) ഇംഗ്ലീഷ് : 40%
(സി) മാത്തമാറ്റിക്സ് (ജനറൽ അല്ലെങ്കിൽ കംപോസിറ്റ് )
(ഡി)സോഷ്യൽ സ്റ്റഡീസ്
(ഇ) സയൻസ് ആന്റ് ഡ്രോയിംഗ്
(എഫ്) അപ്ലൈഡ് സയൻസ് ആന്റ് പ്രാക്ടിക്കൽ .
} ഏതെങ്കിലും ഒരു വിഷയത്തിൽ 35% വും മറ്റ് മൂന്ന് വിഷയങ്ങളിൽ 30 % വീതവും

അല്ലെങ്കിൽ

(3) ജൂനിയർ ടെക്നിക്കൽ സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** (a) നിശ്ചിത യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ ട്രേസിംഗ്, സ്കെച്ചിംഗ്,ഡ്രോയിംഗ് എന്നിവയിൽ പരിചയമുള്ളവരെ നിയമിക്കുന്നതാണ്.

(b) കെ.എസ്.ആന്റ് എസ്.എസ്.ആർ.പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.

(c) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(d) ഉദ്യോഗോർത്ഥി അപേക്ഷയിൽ ശരിയായ ജാതി /സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നു വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രിമിലെയർ /ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റു വിജ്ഞോപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(11) (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ (v),(viii),(ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) കേരള ജല അതോറിറ്റിയിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 245/2018
## കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II
## ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ഓഫീസ്/ വിജിലൻസ് ട്രിബ്യൂണൽ ഓഫീസ്/ കേരള ലോകായുക്ത
## (നേരിട്ടുള്ള നിയമനം)

**1. വകുപ്പ്** : ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ഓഫീസ്/ വിജിലൻസ് ട്രിബ്യൂണൽ ഓഫീസ്/ കേരള ലോകായുക്ത

| | | |
|---|---|---|
| 2. | **ഉദ്യോഗപ്പേര്** | : കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II |
| 3. | **ശമ്പളം** | : ₹ 20000–45800/– |
| 4. | **ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |
| 5 | **നിയമനരീതി** | : നേരിട്ടുള്ള നിയമനം. |
| 6 | **പ്രായം** | : 18–36. ഉദ്യോഗാർത്ഥികൾ 02.01. |

1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം, വിധവകൾ എന്നിവർക്ക്നിയമാനുസൃത ഇളവുണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് 2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**കുറിപ്പ്:1** ഈ വിജ്ഞാപന പ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ കാണിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലേയ്ക്കും പ്രസ്തുത തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകും. ഓരോ വകുപ്പിലേയ്ക്കും അതാത് വകുപ്പിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വീണ്ടും വേറൊരു വകുപ്പിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹത ഇല്ലാതാകുന്നതുമാണ്. ഒന്നിലധികം വകുപ്പുകളിലേയ്ക്ക് ഒരു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു വകുപ്പിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ വീണ്ടും രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കാക്കുമ്പോൾ പിരിച്ചുവിടപ്പെട്ട വകുപ്പിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പ്രസ്തുത ഉദ്യോഗാർത്ഥിയുടെ സീനിയോരിറ്റി കമ്മീഷൻ ആദ്യം ശിപാർശ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുമായിരിക്കും (G.O.(P).No.07/1991/P&ARD തീയതി 15.02.1991). പിരിച്ചുവിടപ്പെട്ട വകുപ്പിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ളിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ആദ്യത്തെ വകുപ്പിൽ ഒഴിവ് ഉണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക വകുപ്പിൽതന്നെ ആദ്യനിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**കുറിപ്പ്:2** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disabiltiy/ Cerebral Palsy, Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി 03.01.2013 തീയതിയിലെ G.O.(P).No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു. എന്നാൽ ഭിന്നശേഷിയുള്ള Blindness or Low Vision ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**7 യോഗ്യതകൾ:** 1 എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത

2 ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.

റ്റി.ഇ) ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** ജനുവരി 2002ന് മുൻപ് ടൈപ്പ് റൈറ്റിംഗ് (കെ.ജി.റ്റി.ഇ) പാസ്സായിട്ടുള്ളവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള പ്രത്യേകം സർട്ടിഫിക്കറ്റോ തത്തുല്യ യോഗ്യതയോ ഹാജരാക്കേണ്ടതാണ്.

3 മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:**(a) ടൈപ്പ് റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നല്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

**കുറിപ്പ്:**(b) ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഒന്നാം ഭാഷ മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ അണെങ്കിൽ അവർ മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിട്ടില്ലാത്തവരാണെങ്കിലും 11.05.1977ലെ G.O.(P).No.139/1977/GAD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടൈപ്പിസ്റ്റ് നിയമനത്തിന് യോഗ്യരായതിനാൽ ഈ വിജ്ഞാപനനം അനുസരിച്ച് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം നടത്തുന്ന തീയതി മുതൽ നാല് വർഷത്തിനകം പ്രസ്തുത യോഗ്യത നേടിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്.

**കുറിപ്പ്:**(c) വിമുക്ത ഭടന്മാരെ ടൈപ്പിസ്റ്റ് നിയമനത്തിന് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ യോഗ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ അവർക്ക് ഈ വിജ്ഞാപനമനുസരിച്ച് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിച്ച് കഴിഞ്ഞാൽ പ്രൊബേഷൻ കാലം പൂർത്തിയാകുന്നതിന് മുമ്പായി അവർ പ്രസ്തുത യോഗ്യത നേടിയിരിക്കേണ്ടതാണ്.

**കുറിപ്പ്:**(d) പ്രതിരോധ സേനയിൽ ക്ളർക്ക്/റൈറ്റർ ആയി 15 വർഷത്തെ സേവനകാലമുള്ള വിമുക്ത ഭടന്മാർക്ക് സർക്കാർ സർവ്വീസിൽ ടൈപ്പിസ്റ്റ് ഉദ്യോഗത്തിന് നിയമിക്കപ്പെടുവാൻ മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. എന്നാൽ അവർ നിയമനം ലഭിച്ചുകഴിഞ്ഞാൽ പ്രൊബേഷൻ കാലം പൂർത്തിയാക്കുന്നതിന് മുമ്പായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത നേടിയിരിക്കേണ്ടതാണ്.

**കുറിപ്പ്:**(e) KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്:**(f) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**കുറിപ്പ്:**(g) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ:246/2018
## കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II
## ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ഓഫീസ്/ വിജിലൻസ് ട്രിബ്യൂണൽ ഓഫീസ്/ കേരള ലോകായുക്ത
## (തസ്തികമാറ്റം വഴിയുള്ള നിയമനം)

**1. വകുപ്പ്** : ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ഓഫീസ്/ വിജിലൻസ് ട്രിബ്യൂണൽ ഓഫീസ്/ കേരള ലോകായുക്ത

**2. ഉദ്യോഗപ്പേര്** : കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II

**3. ശമ്പളം** : Rs. 20000–45800/–

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**5. നിയമനരീതി** : താഴ്ന്ന ശമ്പളമുള്ള ഉദ്യോഗസ്ഥരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം

**കുറിപ്പ്:**(1): ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 5% (അഞ്ച് ശതമാനം) 13.01.1981ലെ G.O.(Ms).No.08/1981/GAD സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സബോർഡിനേറ്റ് സർവ്വീസുകളിൽ താഴ്ന്ന ഗ്രേഡിലുള്ള തസ്തികകളിൽ (Low Paid Employees) സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി ജീവനക്കാർക്ക് നേരിട്ടുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ടൈപ്പ് റൈറ്റിംഗ് യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്. എഴുത്ത് പരീക്ഷയിൽ 40%ൽ കുറയാതെ മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും, കമ്മീഷന്റെ ഓഫീസിൽ എഴുതി അറിയിക്കപ്പെടുന്ന മൊത്തം ഒഴിവുകളുടെ 5% (അഞ്ച് ശതമാനം) ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതുമാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിശ്ചിത കാലാവധിക്കുള്ളിൽ മുഴുവൻ പേരെയും നിയമനത്തിന് ശിപാർശ ചെയ്യാതെ വരുന്നപക്ഷം ടി ഉദ്യോഗാർത്ഥികളെ 08.12.1989ലെ G.O.(P).No.59/1989/P&ARD സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയിലേയ്ക്ക് ഇതേ വിഭാഗത്തിന് തയ്യാറാക്കുന്ന അടുത്ത റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്കുകാരായി ഉൾപ്പെടുത്തുന്നതാണ്.

തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായി അപേക്ഷിക്കുന്നവർ [i.e., in accordance with G.O.(Ms).No.08/1981/GAD Dated 13.01.1981] ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നും സർവ്വീസ് വിവരങ്ങൾ അടങ്ങിയ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് അനുബന്ധമായി കാണിച്ചിരിക്കുന്ന മാതൃകയിൽ വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന അവസരത്തിൽ ഹാജരാക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥികൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയോ, മറ്റ് തരത്തിലോ താൽക്കാലികമായി ജോലി നോക്കുന്നവരാണെങ്കിൽ ഈ കാറ്റഗറി അനുസരിച്ച് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**അനുബന്ധം**

13.01.1981ലെ G.O.(Ms).No.08/1981/GAD സർക്കാർ ഉത്തരവ് പ്രകാരം താഴ്ന്ന ശമ്പളമുള്ള ജോലിയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർ, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനത്തിനായി വകുപ്പ്/ ഓഫീസ് മേലധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമായ സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:**(2):രണ്ട് രീതിയിലുമുള്ള നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ (നേരിട്ടുള്ള നിയമനത്തിനും, തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും) പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്:**(3):KS&SSR 1958, പാർട്ട് II ലെ നിയമനവുമായി ബന്ധപ്പെട്ട റൂൾ 14 മുതൽ 17 വരെ സംവരണ വ്യവസ്ഥകൾ, തസ്തികമാറ്റം വഴിയുള്ള നിയമനത്തിനുള്ള ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**6. പ്രായം** : ഉയർന്ന പ്രായപരിധി ബാധകമല്ല.

**7. യോഗ്യതകൾ:** 1 എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത

2 ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** ജനുവരി 2002ന് മുൻപ് ടൈപ്പ് റൈറ്റിംഗ് (കെ.ജി.റ്റി.ഇ) പാസ്സായിട്ടുള്ളവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള പ്രത്യേകം സർട്ടിഫിക്കറ്റോ തത്തുല്യ യോഗ്യതയോ ഹാജരാക്കേണ്ടതാണ്.

3 മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:**(a) ടൈപ്പ് റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നല്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

**കുറിപ്പ്:**(b) KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്:**(c) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

## കാറ്റഗറി നമ്പർ: 247/2018
## മൂന്നാം ഗ്രേഡ് ഓവർസിയർ/ട്രേസർ
## പൊതുമരാമത്ത്/ജലസേചനം

**1 വകുപ്പ്** : പൊതുമരാമത്ത്/ജലസേചനം

**2. ഉദ്യോഗപ്പേര്** : മൂന്നാം ഗ്രേഡ് ഓവർസിയർ/ ട്രേസർ

**3. ശമ്പളം** : 19000–43600/

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

04.04.2013ലെ G.O.(P)No.30/2013/SJDസർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിലേക്ക് മാത്രം 3% ഒഴിവുകൾ ഭിന്നശേഷിയുള്ള Locomotor Disabiltiy/Cerebral Palsy, Low Vision, Hearing impairment വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

പട്ടികജാതി/പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2. അതോടൊപ്പം താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യതയും ഉണ്ടായിരിക്കണം.

a. ഡ്രോയിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.ടി.ഇ.(ലോവർ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

b. ടി.ടി.സ്കീം അനുസരിച്ച് എഞ്ചിനീയറിംഗ് കോളേജിൽ നിന്നോ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രി കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ നിന്നോ 18മാസത്തെ കോഴ്സിനു ശേഷം നൽകുന്ന ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) 2–ാം ഗ്രേഡ് സർട്ടിഫിക്കറ്റ്.

c. ബിൽഡിംഗ് ഡ്രോയിംഗ് ആന്റ് എസ്റ്റിമേറ്റിംഗ് (ഹയർ)അല്ലങ്കിൽ (ലോവർ) കെ.ജി.ടി.ഇ അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും കൂടാതെ കെ.ജി.ടി.ഇയുടെ സിവിൽ എഞ്ചിനീയറിംഗിലുള്ള രണ്ട് വിഷയങ്ങളോ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയോ പാസായിരിക്കുകയും വേണം.

d. കേരള സംസ്ഥാനത്തെ വിമൻസ് പോളിടെക്നിക്കുകളിൽ നിന്നും രണ്ട് വർഷത്തെ കോഴ്സ് പൂർത്തിയാക്കിയതിനു ശേഷം സിവിൽ എഞ്ചിനീയറിംഗിൽ ലഭിക്കുന്ന ഡിപ്ലോമ.

e. തവന്നൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന അഗ്രികൾച്ചറൽ ആന്റ് റൂറൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ.

f. ഡ്രാഫ്റ്റ്സ്മാൻ ഷിപ്പിലും ക്വാണ്ടിറ്റി സർവ്വേയിംഗിലുമുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് സർട്ടിഫിക്കറ്റ്

g. ബിൽഡിംഗ് ടെക്നോളജിയിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് സർട്ടിഫിക്കറ്റ്.

**കുറിപ്പ്** : 1. KS&SSR Part II se Rule 10(a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 248/2018
## ഡ്രില്ലിംഗ് അസിസ്റ്റന്റ്
## ഭൂജല വകുപ്പ്

**1. വകുപ്പ്** : ഭൂജല വകുപ്പ്

**2. ഉദ്യോഗപ്പേര്** : ഡ്രില്ലിംഗ് അസിസ്റ്റന്റ്

**3. ശമ്പളം** : ₹ 18,000 – 41,500/

**4. ഒഴിവുകളുടെ എണ്ണം** : 14 (പതിനാല്)

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീമായ വയസ്സിളവ് ഉണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** : ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക് ട്രേഡിലുള്ള ഐ.ടി.ഐ. സർട്ടിഫിക്കറ്റ്.

**കുറിപ്പ്** : 1. KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 249/2018
## ബ്ലാക്ക്സ്മിത്ത് ഗ്രേഡ് II
## കേരള സംസ്ഥാന ജലഗതാഗതം

**1. വകുപ്പ്** : കേരള സംസ്ഥാന ജലഗതാഗതം

**2. ഉദ്യോഗപ്പേര്** : ബ്ലാക്ക്സ്മിത്ത് ഗ്രേഡ് II

**3. ശമ്പളം** : ₹18,000–41,500/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** (1) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള വിഭാഗത്തിൽപ്പെട്ട Locomotor Disabiltiy/ Cerebral Pasly, Low Vision ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു. [GO(P)1/13/SJD dt 03.01.2013]

(2) ബ്ലാക്ക്സ്മിത്ത് ഗ്രേഡ്II തസ്തികയിലേയ്ക്ക് Hearing Impairment വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർ അപേക്ഷിക്കാൻ അർഹരല്ല. [GO(P)1/13/SJD dt 03.01.2013]

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പടെ) ജനിച്ചവരായിരിക്കണം പട്ടികജാതി, പട്ടികവർഗ്ഗം വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവ് സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഢിക നോക്കുക)

**7. യോഗ്യതകൾ** : ബ്ലാക്ക്സ്മിത്ത് ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ട്രേഡിലുള്ള പ്രാവീണ്യം തെരഞ്ഞെടുപ്പ് സമയത്ത് ഒരു പ്രായോഗിക പരീക്ഷ വഴി പബ്ലിക് സർവ്വീസ് കമ്മീഷൻ നിർണ്ണയിക്കുന്നതാണ്.

**കുറിപ്പ്:** -(1)KS & SSR പാർട്ട് II റൂൾ 10(a)(ii)ബാധകമാണ്

## കാറ്റഗറി നമ്പർ: 250/2018
## സ്റ്റോഴ്സ് ഓഫീസർ
## ഫോം മാറ്റിംങ്സ് (ഇന്ത്യ) ലിമിറ്റഡ്

**1 സ്ഥാപനം** : ഫോം മാറ്റിംങ്സ് (ഇന്ത്യ) ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : സ്റ്റോഴ്സ് ഓഫീസർ

**3 ശമ്പളം** : ₹ 15225–24700/–

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:**(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥി

യുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18 – 36

ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർക്ക് അവരുടെ സർവീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇവരുടെ ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I), (ii), (iii), (iv), (vi), (vii) ,(xii) & (xiv) നോക്കുക).

7 **യോഗ്യതകൾ** : 1) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച ആർട്ട്സ്/സയൻസ്/കൊമേഴ്സ് വിഷയങ്ങളിലെ ബിരുദം അല്ലെങ്കിൽ തത്തുല്യ ത്രിവത്സര ബിരുദം.

2) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും Material Management‌ൽ പി.ജി.ഡിപ്ലോമ അല്ലെങ്കിൽ മറ്റു തത്തുല്യ യോഗ്യത.

3) ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനിയിലെ Stores Department വിഭാഗത്തിലെ 2 വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്** : 1) കെ.എസ്. ആന്റ് എസ്.എസ്.ആർ. പാർട്ട് IIവിലെ റൂൾ 10 (a) ii ബാധകമാണ്.

പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** 1 പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദേശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാൻഡ് ഇമേജ് അപ്‌ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

2 പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനുശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3 എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4 പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19, 20 & 21 ഖണ്ഡികകൾ കാണുക.

5 ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11. a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi),(xiii)) എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 251/2018
## ക്യൂറേറ്റർ
## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്)

1 **വകുപ്പ്** : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്)

2 **ഉദ്യോഗപ്പേര്** : ക്യൂറേറ്റർ

3 **ശമ്പളം** : ₹13,210–22,360/–

4 **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

7 **യോഗ്യതകൾ** : യു.ജി.സി അംഗീകരിച്ചുള്ള സർവ്വകലാശാലകളിൽ നിന്നും ആന്ത്രപ്പോളജിയിൽ റഗുലർ പഠനത്തിലൂടെ നേടിയ മാസ്റ്റേഴ്സ് ബിരുദം. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും റഗുലർ പഠനത്തിലൂടെ മ്യൂസിയോളജിയിൽ ഡിപ്ലോമ നേടിയ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** 1. KS & SSR Part II Rule 10(a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 252/2018
## സ്റ്റോഴ്സ് മാനേജർ / മാനേജർ ഗ്രേഡ് II
## കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ

1 **സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ

2 **ഉദ്യോഗപ്പേര്** : സ്റ്റോഴ്സ് മാനേജർ / മാനേജർ ഗ്രേഡ് II

3 **ശമ്പളം** : ₹ 10790–18000/–

4 **ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ് :** ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശുപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശുപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi), (vii), (x) & (xii) നോക്കുക.)

**7. യോഗ്യതകൾ** :1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.

2. ബിസിനസ്സ് മാനേജ്മെന്റ് /ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ/മാർക്കറ്റിംഗ് മാനേജ്മെന്റ് ഇവയിലേതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഡിപ്ലോമ.

3. സർക്കാർ/അർദ്ധ സർക്കാർ/രജിസ്ട്രേഡ് കമ്പനിയിൽ 3 വർഷത്തിൽ കുറയാത്ത സൂപ്പർവൈസറി നിലവാരത്തിലുള്ള പ്രവൃത്തി പരിചയം.

Note : (1) KS&SSR Part II Rule 10 a(ii) ബാധകമാണ്.

(2) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

3) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി,സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽനിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

പരിചയ സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃക ചുവടെ ചേർക്കുന്നു.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ Scanned image upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

1 പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

2 എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3 പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് 2 വിലെ 19, 20 & 21 ഖണ്ഡികകൾ കാണുക.

4 ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 253/2018
## പ്യൂൺ
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (HOUSEFED)
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

1 **സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (HOUSEFED)

2 **ഉദ്യോഗപ്പേര്** : പ്യൂൺ

3 **ശമ്പളം** : ₹ 10670 – 17480/–

4 **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy/Hearing Impairment/Low Vision/Blindness) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്** i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (HOUSEFED)ൽ നിന്നും പ്യൂൺ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട 03 ഒഴിവുകളെ 1:1 എന്ന അനുപാതത്തിൽ (ജനറൽ 02, സൊസൈറ്റി 01) വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. (ജനറൽ വിഭാഗത്തിനുള്ള 02 ഒഴിവുകൾ കാറ്റഗറി നമ്പർ 283/14 പ്രകാരം വിജ്ഞാപനം ചെയ്ത അപെക്സ് കോഓപ്പറേറ്റീവ് സൊസൈറ്റീസിലെ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ പ്യൂൺ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ടു വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (HOUSEFED)ൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

6 **പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

7 **യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക്

കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (HOUSEFED)ൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) ഏഴാം സ്റ്റാന്റേർഡ് പാസ്സായിരിക്കണം.

3) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

***(കുറിപ്പ് : വികലാംഗരായ ഉദ്യോഗാർത്ഥികളെയും സ്ത്രീകളെയും സൈക്കിൾ സവാരിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)***

**കുറിപ്പ്** :1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 254/2018
## കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II
## കേരളത്തിലെ സർവ്വകലാശാലകൾ

| | |
|---|---|
| 1 **വകുപ്പ് /സ്ഥാപനത്തിന്റെ പേര്:** | കേരളത്തിലെ സർവ്വകലാശാലകൾ |
| **2. ഉദ്യോഗപ്പേര്** | : കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II |
| **3. ശമ്പളം** | : ₹.10480–18300/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |
| **5. നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| **6. പ്രായം** | : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും |

01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ), പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**കുറിപ്പ്:** 1. 2015 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) ആക്ടിലെ Rule 2 A (i) മുതൽ (Xiii) വരെ നിഷ്കർഷിച്ചിരിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്ടിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലേയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

2. ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലേയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകും. ഒരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാലയിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണവ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വീണ്ടും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമനശിപാർശ ചെയ്യപ്പെടാൻ അർഹത ഇല്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്ന പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവ് ഉണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽതന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

3. ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള വിഭാഗത്തിൽപ്പെട്ട (Locomotor Disabiltiy/ Cerebral Palsy, Hearing Impairment) ഉദ്യോഗാർത്ഥികൾ ക്കായി നീക്കിവച്ചിരിക്കുന്നു. [G.O. (P) No. 8/10/SWD dtd 01.02.2010]. ടി തസ്തികയിലേക്ക് Low Vision വിഭാഗത്തിൽ പെടുന്ന ഭിന്നശേഷിക്കാർ അപേക്ഷിക്കാൻ അർഹരല്ല [G.O. (P) No. 1/13/ SJD dtd. 03.01.2013]

**7. യോഗ്യതകൾ** :

1. എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത

2. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.ടി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത

**കുറിപ്പ് :** 2002 ജനുവരിക്കു മുൻപ് ടൈപ്പ്റൈറ്റിംഗ് (കെ.ജി.ടി.ഇ.) പാസ്സായിട്ടുള്ളവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള പ്രത്യേകം സർട്ടിഫിക്കറ്റോ തത്തുല്യ യോഗ്യതയോ ഹാജരാക്കേണ്ടതാണ്

3. മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.ടി.ഇ.) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** 1. ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

2. കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിന് തുല്യമായി സ്വീകരിക്കുന്ന യോഗ്യതകൾ സംബന്ധിച്ച വിവരം PSC വെബ്സൈറ്റിലെ 'Qualifications' ലിങ്കിൽ ലഭ്യമാണ്.

**8. പ്രൊബേഷൻ** : ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ തുടർച്ചയായ മൂന്നു വർഷത്തെ സർവ്വീസിനിടയിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

## കാറ്റഗറി നമ്പർ:255/2018
## ട്രേസർ
## കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

| | |
|---|---|
| **1 സ്ഥാപനത്തിന്റെ പേര്** | : കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| **2 ഉദ്യോഗപ്പേര്** | : ട്രേസർ |
| **3 ശമ്പളം** | : ₹ 9190–15780/– |
| **4 ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

കുറിപ്പ് : ii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

iii) 03.01.2013ലെ G.O.(P) No.1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Hearing Impairment) സംവരണം ചെയ്തിരിക്കുന്നു. Low vision, Locomotor disabiltiy/ Cerebral palsy എന്നീ ഭിന്നശേഷി വിഭാഗങ്ങൾ ടി തസ്തികയ്ക്ക് അനുയോജ്യമല്ല.

| | |
|---|---|
| **5 നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| **6 പ്രായം** | : 18–36 ഉദ്യോഗാർത്ഥികൾ 02.01. |

1982നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv),(vi),(vii),(x),(xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ :**

1. ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് ഇൻ സിവിൽ എഞ്ചിനീയറിംഗ് 2 കൊല്ലത്തെ കോഴ്സ് അല്ലെങ്കിൽ കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും തത്തുല്യമായ യോഗ്യത.

അല്ലെങ്കിൽ

കേരള ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് എക്സാം ഇൻ സിവിൽ എഞ്ചിനീയറിംഗ് (2 വർഷത്തെ കോഴ്സ്)

Note : (1) Rule 10(a)(ii) of Part II KS&SSR is applicable

11 a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x),(xi) & (xiii) എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 7 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 256/2018
## ടൈപ്പിസ്റ്റ് ഗ്രേഡ് II
## കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം

| | |
|---|---|
| **1 സ്ഥാപനത്തിന്റെ പേര്** | : കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം |
| **2 ഉദ്യോഗപ്പേര്** | : ടൈപ്പിസ്റ്റ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 9190 – 15780/ – |
| **4 ഒഴിവുകളുടെ എണ്ണം** | : 08 (എട്ട്) |

**കുറിപ്പ്** : ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

| | |
|---|---|
| **5 നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| **6 പ്രായം** | : 18–36 ഉദ്യോഗാർത്ഥികൾ 02.01. |

1982നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ് :** 3% ഒഴിവുകൾ Locomotor Disabiltiy/Cerebral Pasly,Hearing Impairment എന്നീ വിഭാഗത്തിലെ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.Low vision വിഭാഗം ടി തസ്തികയ്ക്ക് അനുയോജ്യമല്ല.(03.01.13 ലെ G.O(P No.01/ 13/SJD ഉത്തരവ്പ്രകാരം)പ്രസ്തുതസ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗംവഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),(vii) & (xii) നോക്കുക.)

**7. യോഗ്യതകൾ** : 1) എസ്.എസ്.എൽ.സി പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2) ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) കെ.ജി.ടി.ഇ/എം.ജി.ടി.ഇ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

3) ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ) കെ.ജി.ടി.ഇ / എം.ജി.ടി.ഇ ജയിച്ചിരിക്കണം.

4) 6 മാസത്തെ ഡി.സി.എ കോഴ്സ് ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്** (1) കെ.എസ്. & എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 10 (a)(ii) ബാധകമാണ്.

(2) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

3) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി,സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

11 a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 257/2018
## സ്റ്റെനോഗ്രാഫർ ഗ്രേഡ് II/സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് II
## കേരള കോ ഓപറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**(പാർട്ട് 1 ജനറൽ കാറ്റഗറി)**

**1 സ്ഥാപനം** : കേരള കോ ഓപറേറ്റീവ് മിൽക്ക്

മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : സ്റ്റെനോഗ്രാഫർ ഗ്രേഡ് II
സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് II

**3.ശമ്പളം** : ₹5965–10790/

**4. ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്) NJD

(ഭിന്നശേഷി വിഭാഗത്തിനുള്ള 3% സംവരണത്തിന് locomotor disabiltiy/cerebral palsy വിഭാഗം ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ് 03.01.2013തീയതിയിലെ 1/13/SJD നമ്പർ ഗവ. ഉത്തരവിൻ പ്രകാരമുള്ളത്)

**കുറിപ്പ് :** I) ഈ തസ്തികയ്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ലിമിറ്റഡിൽ നിന്നും അറിയിച്ച 2 ( രണ്ട്) ഒഴിവുകൾ (NJD) ജനറൽ വിഭാഗത്തിനുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1: 1എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് കക ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ. എസ്.ആന്റ് എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–40, ഉദ്യോഗാർത്ഥികൾ 02/01/1978നും 01/01/2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50(അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ളപ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത് ) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയിമെന്റ് എക്സേചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ് / ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/ സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി,പിരിച്ചു വിടപ്പെട്ട തീയതി മുതലായവിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ്(അസ്സൽ)കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ് ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ:**

1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം.
2. ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ് ഹയർ) കെ .ജി.ടി.ഇ അല്ലെങ്കിൽ തത്തുല്യം.
3. ടൈപ്പ്റൈറ്റിംഗ് (മലയാളം ലോവർ) കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം.
4. ഷോർട്ട് ഹാൻഡ് (ഇംഗ്ലീഷ് ലോവർ) കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം.
5. ഷോർട്ട് ഹാൻഡ് (മലയാളം ലോവർ) കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം..
6. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ഡാറ്റാ എൻട്രി ഓപ്പറേഷനിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് അല്ലെങ്കിൽ തത്തുല്യം.

**കുറിപ്പ് :** 1. Rule 10(a)(ii) of part II,KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

11. പൊതു വ്യവസ്ഥകളിലെ രണ്ടാം (2) ഖണ്ഡികയിലെ V,- VIII,IX, X,XI, XII, XIII എന്നീ ഉപ ഖണ്ഡികകൾ, ഖണ്ഡിക 7 എന്നിവ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 258/2018
## സ്റ്റെനോഗ്രാഫർ ഗ്രേഡ് II/സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് II (സൊസൈറ്റി കാറ്റഗറി)
## കേരള കോ – ഓപറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**1 സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : സ്റ്റെനോഗ്രാഫർ ഗ്രേഡ്II / സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്II (സൊസൈറ്റി കാറ്റഗറി)

**3. ശമ്പളം** : ₹5965–10790/

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

(ഭിന്നശേഷി വിഭാഗത്തിനുള്ള 3% സംവരണത്തിന് Locomotor Disabiltiy/Cerebral Pasly വിഭാഗം ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ് 03.01.2013 തീയതിയിലെ 01/13/SJD നമ്പർ ഗവ: ഉത്തരവിൻ പ്രകാരമുള്ളത്)

**കുറിപ്പ്:** i) ഈ തസ്തികയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I ) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ കാറ്റഗറി വിഭാഗത്തിനുള്ളതാണ്.

**കുറിപ്പ്:** ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**കുറിപ്പ്:** iii) ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പകളിലേയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റിയിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ ാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ്. & എസ്.എസ്. ആർ. ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

**കുറിപ്പ്:** iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

**കുറിപ്പ്:-v)** KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50, ഉദ്യോഗാർത്ഥികൾ 02.01.1968 നും 01.01.2000 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ:** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം.

3) ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലിഷ്ഹയർ)കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം

4) ടൈപ്പ്റൈറ്റിംഗ് (മലയാളംലോവർ)കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം

5) ഷോർട്ട് ഹാന്റ് (ഇംഗ്ലിഷ്ലോവർ)കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം

6) ഷോർട്ട് ഹാന്റ് (മലയാളംലോവർ)കെ.ജി.ടി.ഇ. അല്ലെങ്കിൽ തത്തുല്യം

7) കേന്ദ്ര/ സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഡാറ്റ എൻട്രി ഓപ്പറേഷനിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് അല്ലെങ്കിൽ തത്തുല്യം

**കുറിപ്പ്:** 1) Rule 10(a)(ii)of Part II, KS & KSSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ /അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വി!ജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) സർവ്വീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയൂള്ളൂ. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. **(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ:259/2018
## ലോവർ ഡിവിഷൻ ക്ലർക്ക്
## കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1. സ്ഥാപനം** : കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലർക്ക്

**3. ശമ്പളം** : ₹ 4990 – 7990 (PR)

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy/Hearing Impairment/Low Vision) സംവരണം ചെയ്തിരിക്കുന്നു

**കുറിപ്പ്:** 1) ഈ ഒഴിവ് ഇപ്പോൾ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയ്ക്ക് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ സൊസൈറ്റി വിഭാഗത്തിന് നിലവിലുള്ളതാണ്. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ലോവർ ഡിവിഷൻ തസ്തികയിലേക്ക് എഴുതി അറിയിക്കുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറി (പാർട്ട് I) ൽ നീന്നും സൊസൈറ്റി കാറ്റഗറി (പാർട്ട് II)ൽ നിന്നും മാറി മാറി നിയമനം നടത്തുന്നതാണ്. ഇപ്പോൾ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിച്ച ഒരു ഒഴിവ് (ജനറൽ വിഭാഗം) അപെക്സ് സൊസൈറ്റികളിലെ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയ്ക്കായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഒരു ഒഴിവ് (സൊസൈറ്റി കാറ്റഗറി) ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ഈ തസ്തികയ്ക്ക് ഇനി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളും 1:1 എന്ന അനുപാതത്തിൽ മേൽ വിഭജനത്തിന് തുടർച്ചയായി വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്.

2) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ചുകിട്ടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

5) ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമന ശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർ

ക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. KS&SSRലെ ജനറൽ റൂൾസ് 14 –17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

**5. നിയമനരീതി** :കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തു വരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02/01/1968 നും 01/01/2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ** : കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ 3 വർഷത്തിൽ കുറയാത്ത സ്ഥിരം സേവനം ഉണ്ടായിരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായിരിക്കണം. അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവീസിൽ തുടരുന്നവരുമായിരിക്കണം.

അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും HDC/JDC യോഗ്യതയും.

അല്ലെങ്കിൽ

ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും കോഓപ്പറേഷൻ ഐശ്ചിക വിഷയത്തോടു കൂടിയ കോമേഴ്സ് ബിരുദം..

അല്ലെങ്കിൽ

കേരള അഗ്രിക്കൾച്ചറൽ സർവകലാശാലയിൽ നിന്നും ബി.എസ്.സി. കോഓപ്പറേഷൻ ആന്റ് ബാങ്കിംഗ് ബിരുദം.

**കുറിപ്പ്** : (1) KS&SSR Part II-se Rule 10 (a) ii ബാധകമാണ്.

2. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

8) ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് upload ചെയ്യേണ്ടതും ഒറിജിനൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് upload ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

പൊതു വ്യവസ്തയിലെ ഖണ്ഡിക 2, 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

# ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ:260/2018
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (നാച്വറൽ സയൻസ്) കന്നഡ മാധ്യമം (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | വകുപ്പ് | : വിദ്യാഭ്യാസം |
| 2 | ഉദ്യോഗപ്പേര് | : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (നാച്വറൽ സയൻസ്) കന്നഡ മാധ്യമം (തസ്തികമാറ്റം വഴി) |
| 3 | ശമ്പളം | : ₹ 29200 – 62400/ |
| 4 | ഒഴിവുകളുടെ എണ്ണം | : ജില്ലാടിസ്ഥാനത്തിൽ കാസർഗോഡ്– 1 (ഒന്ന്) |

കുറിപ്പ്: (ii) തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റിവെക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/ പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കാസറഗോഡ് ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി :** തസ്തികമാറ്റം വഴിയുള്ള നിയമനം. (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം)

**6. പ്രായപരിധി :** ബാധകമല്ല.

**7. യോഗ്യതകൾ :** 1) ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും. (ബന്ധപ്പെട്ട ബിരുദ വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് (iv) ൽ നൽകിയിരിക്കുന്നത് നോക്കുക).

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ് /സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

(I) കന്നഡ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിച്ചു എസ്.എസ്.എൽ.സി/പ്ലസ് ടു/പ്രീഡിഗ്രി പരീക്ഷ പാസായിരിക്കണം

അല്ലെങ്കിൽ

(ii) കന്നഡ ഭാഷയിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.

മുകളിൽ (I), (ii) എന്നിവയിൽ പരാമർശിച്ചിട്ടുള്ള യോഗ്യതയുടെ അഭാവത്തിൽ അവയുടെ തത്തുല്യ യോഗ്യതകളും പരിഗണിക്കുന്നതാണ്.( GO P No.166/16/GEdn dtd 30.9.16 )

**കുറിപ്പ്** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (സ.ഉ. (അച്ചടി)/134/2017/ പൊ.വി.വ തീയതി 30.10.2017)

(iii) 31.3.12. നു മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്)പാസ്സാകണമെന്നു നിർബന്ധമില്ല.

(iv) ബോട്ടണിയോ സുവോളജിയോ ഹോംസയൻസോ മൈക്രോബയോളജിയോ പ്രധാന ഐച്ഛിക വിഷയമായെടുത്ത് ബിരുദമോ ബിരുദാനന്തര ബിരുദമോ നേടിയിരിക്കണം.

(v) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(vi) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന കെമിസ്ട്രി ബോട്ടണി സുവോളജി സ്ട്രീമിലുള്ള B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (30.3.13 ലെ GO (P) No 117/13/G Edn)

(vii) കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്നും റഗുലർ പഠനത്തിലൂടെ നേടിയ ലൈഫ് സയൻസിലുള്ള ബി.എഡ് ബിരുദവും കേരളത്തിന് പുറത്തുള്ള മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നും റഗുലർ പഠനത്തിലൂടെ നേടിയ ലൈഫ് സയൻസിലുള്ള ബി.എഡ് ബിരുദം കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല നാച്വറൽ സയൻസിലുള്ള ബി.എഡ്. ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആ ബിരുദവും ഈ തസ്തികയ്ക്ക് സ്വീകാര്യമായ ട്രെയിനിംഗ് യോഗ്യതയായി കണക്കാക്കുന്നതാണ്. (സ.ഉ (എം.എസ്) നം. 46/2011/പൊ.വി.വ തീയതി 22.02. 2011, സ.ഉ (എം.എസ്) നം. 145/2012/പൊ.വി.വ തീയതി 09.05.2012).

(viii) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

(ix) ഈ തസ്തികക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കന്നഡയിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയതു ഇന്റർവ്യൂ സമയത്തു പരിശോധിക്കുന്നതുമാണ്.എഴുത്തു പരീക്ഷ ഉണ്ടെങ്കിൽ ചോദ്യങ്ങൾ കന്നഡയിൽ ആയിരിക്കും. ഉത്തരങ്ങളും കന്നഡയിൽ തന്നെ എഴുതേണ്ടതാണ്.)

(x) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

(xi) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

NB: KS&SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

3) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

കുറിപ്പ് : മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/ വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ:261/2018
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) കന്നഡ മാധ്യമം (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | | |
|---|---|---|
| **1** | **വകുപ്പ്** | : വിദ്യാഭ്യാസം |
| **2** | **ഉദ്യോഗപ്പേര്** | : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) കന്നഡ മാധ്യമം (തസ്തികമാറ്റം വഴി) |
| **3** | **ശമ്പളം** | : ₹ 29200 – 62400/ |
| **4** | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കാസർഗോഡ് – 4 (നാല്) |

**കുറിപ്പ്: (ii)** തസ്തികമാറ്റം വഴി നിയമനത്തിനായി നീക്കിവക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

**(iii)** അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/ പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്ന

യിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(vii) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാസ്ത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013).

(vii) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കന്നഡയിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് കന്നഡയിൽ ആയിരിക്കും. ഉത്തരങ്ങളും കന്നഡയിൽ തന്നെ എഴുതേണ്ടതാണ്.

(vii) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

(viii) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

NB: KS & SSR se part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ്** : മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 263/2018
## ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക് )
## (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | |
|---|---|
| 1 വകുപ്പ് | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : ഹൈ സ്കൂൾ അസിസ്റ്റന്റ് (അറബിക് ) (തസ്തികമാറ്റം വഴി) |
| **3. ശമ്പളം** | : ₹ 29200–62400/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ എറണാകുളം 01 (ഒന്ന് ) തൃശൂർ 01 (ഒന്ന് ) |

**കുറിപ്പ്:** (i)തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റി വെയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(ii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (Approved Probationer) ആളോ ആയിരിക്കണം.

(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയ ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

| | |
|---|---|
| **5. നിയമന രീതി** | : പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് ഉള്ളവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം. |
| **6. പ്രായം** | : ബാധകമല്ല. |
| **7. യോഗ്യതകൾ** | : (എ) അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/ എൽ.റ്റി.യും ഉണ്ടായിരിക്കണം. |

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്** : (i) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി.എഡ്./ബി.ടി/എൽ.ടി.ഡിഗ്രി ഉള്ള പക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിലായിരിക്കണം.

(iii) KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

(ബി) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സെപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (സ.ഉ.(കൈ)നം. 134/2017/പൊ.വി.വ തീയതി 30.10.2017).

iii) 31.03.12 നു മുൻപ് സർവീസിൽപ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

C) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം. [20.1.2009 ലെ G.O (Ms) No 8/09 പൊ.വി.വ]

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും, വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 264/2018
## ഹൈ സ്കൂൾ അസിസ്റ്റന്റ് (സംസ്കൃതം)
## (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | |
|---|---|
| 1 വകുപ്പ് | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : ഹൈസ്കൂൾ അസിസ്റ്റന്റ് (സംസ്കൃതം) (തസ്തികമാറ്റം വഴി) |
| **3. ശമ്പളം** | : ₹ 29200–62400/ (പരിഷ്ക്കരിച്ചത്) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കാസർഗോഡ് 01 (ഒന്ന്) |

**കുറിപ്പ്:** (ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയ്ക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലയെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കാസറഗോഡ് ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.3.1996 ലെ ജി.ഒ (പി) 12/96/പി. ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

| | |
|---|---|
| **5. നിയമന രീതി** | : തസ്തികമാറ്റം വഴിയുള്ള നിയമനം. |
| **6. പ്രായം** | : ബാധകമല്ല. |
| **7. യോഗ്യതകൾ** | : (എ)കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃത ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റി യും ഉണ്ടായിരിക്കണം. |

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്കൃതം) പഠനത്തിലുള്ള ടൈറ്റിൽ, കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. (കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആ ടൈറ്റിൽ ഡിഗ്രിക്ക് തുല്യമായി അംഗീകരിക്കുന്നതാണ്).

**കുറിപ്പ് i)** രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന 'ശിക്ഷാ ശാസ്ത്രി' പരീക്ഷയും ബീഹാറിലെ കാമേശർ സിംഗ് ദർഭംഗ യൂണിവേഴ്സിറ്റി നടത്തുന്ന 'ശിക്ഷാശാസ്ത്രി' പരീക്ഷയും ഈ തസ്തികയിലേക്കുള്ള നിയമന കാര്യത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന ബി.എഡ്. ഡിഗ്രി പരീക്ഷയ്ക്ക് തുല്യമായി കണക്കാക്കുന്നതാണ്.

ii) സംസ്കൃത ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ.റ്റി ഡിഗ്രിയുള്ളപക്ഷം ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

iii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിലായിരിക്കണം.

(ബി) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള

ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ് /സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No.145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്: i)** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക്അപേക്ഷിക്കാവുന്നതാണ് (സ.ഉ.(കൈ)നം. 134/ 2017/പൊ.വി.വ തീയതി 30.10.2017).

iii) 31.03.12 നു മുൻപ് സർവീസിൽപ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

(സി) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

1) KS & SSR Part II Rule 10 a (ii) തസ്തികയ്ക്ക് ബാധകമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/ വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 265/2018
## ഹൈ സ്കൂൾ അസിസ്റ്റന്റ് (കന്നഡ) (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | **വകുപ്പ്** | : വിദ്യാഭ്യാസം |
| 2. | ഉദ്യോഗപ്പേര് | : ഹൈ സ്കൂൾ അസിസ്റ്റന്റ് (കന്നഡ) (തസ്തികമാറ്റം വഴി) |
| 3. | **ശമ്പളം** | ₹ 29200–62400/ |
| 4. | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കാസർഗോഡ് 01 (ഒന്ന്) |

**കുറിപ്പ്:** (i)തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(ii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (Approved Probationer) ആളോ ആയിരിക്കണം.

(iii) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയ ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

(vi) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ,ഓഫീസ് അറ്റൻഡന്റ്, എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് ഉള്ളവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ** : (എ) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ കന്നഡ ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (കന്നഡ) പഠനത്തിലുള്ള ടൈറ്റിലും (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട വിഷയത്തിലെ ബിരുദത്തിന്റെ പാർട്ട് 3 ന് തുല്യമായി പ്രഖ്യാപിച്ചിട്ടുള്ള പക്ഷം) കൂടാതെ കേരള ഗവ: പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ് :** (i) കന്നഡ ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി.എഡ്./ബി.ടി/എൽ.ടി.ഡിഗ്രി ഉള്ള പക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിലായിരിക്കണം.

(iii) KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

(ബി) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ് /സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക്അപേക്ഷിക്കാവുന്നതാണ്(സ.ഉ. (കൈ)നം. 134/2017/ പൊ.വി.വ തീയതി 30.10.2017).

31.03.12 നു മുൻപ് സർവീസിൽപ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

ഇ) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം. [20-1-2009 ലെ G.O (Ms) No 8/09 പൊ.വി.വ]

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/ വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും, വിദ്യാഭ്യാസം യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ:266/2018
## സ്റ്റാഫ് നഴ്സ് (അലോപ്പതി)
## ഗവൺമെന്റ് ആയുർവേദ കോളേജ്

| | | |
|---|---|---|
| 1. | **വകുപ്പ്** | : ഗവൺമെന്റ് ആയുർവേദ കോളേജ് |
| 2. | **ഉദ്യോഗപ്പേര്** | : സ്റ്റാഫ് നഴ്സ് (അലോപ്പതി) |
| 3. | **ശമ്പളം** | : ₹ 27,800–59400/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം 01(ഒന്ന്) |

**കുറിപ്പ്:** (iV) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| 5 | **നിയമനരീതി** | : നേരിട്ടുള്ള നിയമനം |
| 6 | **പ്രായം** | : 19–44 (ഉദ്യോഗാർത്ഥികൾ 02.01.1974 |

നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും പട്ടിക ജാതി/പട്ടികവർഗ്ഗം വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ഉണ്ടായിരിക്കും.

കുറിപ്പ്: യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7 യോഗ്യതകൾ:** 1. ഏറ്റവും കുറഞ്ഞത് എസ്.എസ്.എൽ.സി. നിലവാരത്തിലുള്ള പൊതു വിദ്യാഭ്യാസ യോഗ്യത

2. ജനറൽ സിക്ക് നഴ്സിംഗിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള വിജയകരമായ പരിശീലനം.

3. ഉദ്യോഗാർത്ഥികൾ സ്ത്രീകളാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഒരു സ്ഥാപനത്തിൽ നിന്നും മിഡ് വൈഫറിയിൽ ഒമ്പത് മാസത്തിൽ കുറയാതെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണം. പുരുഷ ഉദ്യോഗാർത്ഥികൾ ഒരു പ്രധാന ആശുപത്രിയിൽ നിന്നും വെനീറോളജി, യൂറോളജി ,സൈക്യാട്രി, ഒഫ്താൽമോളജി എന്നീ നഴ്സിംഗ് വിഷയങ്ങളിൽ ഒന്നിലോ മറ്റൊന്നിലോ ഉള്ള ഹ്രസ്വകാല കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ്:** സ്റ്റാഫ് നഴ്സ് (ഫീമെയിൽ) തസ്തികക്ക് മിഡ്വൈഫറിയിൽ 6 മാസത്തിൽ കുറയാതെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കും നിയമനത്തിനു അർഹതയുണ്ടായിരിക്കും. സംവരണതത്വങ്ങൾക്ക് വിധേയമായി മിഡ് വൈഫറിയിൽ 9മാസത്തിൽ കുറയാത്ത പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്റ്റാഫ് നഴ്സ് (ഫീമെയിൽ) തസ്തികയിൽ നേരിട്ടുള്ളനിയമനത്തിന് മുൻഗണന നൽകുന്നതാണ്.

4. ഉദ്യോഗാർത്ഥികൾ സ്ത്രീകളാണെങ്കിൽ ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തിലെ നഴ്സസ് ആന്റ് മിഡ് വൈഫ് കൗൺസിലിൽ നഴ്സ് ആന്റ് മിഡ് വൈഫായും പുരുഷൻമാരാണെങ്കിൽ നഴ്സായും രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്.

കുറിപ്പ്; KS & SSR പാർട്ട് II റൂൾ 10(a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 267/2018
## തയ്യൽ ടീച്ചർ (ഹൈസ്കൂൾ)
## വിദ്യാഭ്യാസം

| | | |
|---|---|---|
| 1. | **വകുപ്പ്** | : വിദ്യാഭ്യാസം |
| 2. | **ഉദ്യോഗപ്പേര്** | : തയ്യൽ ടീച്ചർ (ഹൈസ്കൂൾ) |
| 3. | **ശമ്പളം** | : ₹ 25200–54000/– |
| 4. | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് 3 (മൂന്ന്) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ലയിലേയ്ക്കുമാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/ 71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല.

**(ശേഷം പേജ് 19ൽ)**

കേരള നവോത്ഥാനം




# 'ഞങ്ങൾക്കും സർക്കാർ ക്ഷേത്രങ്ങളിൽ ഒന്ന്'

1. മൗലാനാ ഷൗക്കത്ത് അലിയ്ക്കൊപ്പം ഗാന്ധിജി കേരളം സന്ദർശിച്ച തീയതി? (47/2018/0)
(എ) 1920 ഓഗസ്റ്റ് 18 (ബി) 1920 ഏപ്രിൽ 18
(സി) 1921 നവംബർ 10 (ഡി) 1921 ഡിസംബർ 10
2. വഞ്ചിപ്പാട്ടിന്റെ ഈണത്തിലുള്ള, കുമാരനാശാന്റെ രചനയേത്?
(എ) വീണപൂവ് (ബി) നളിനി
(സി) കരുണ (ഡി) ദുരവസ്ഥ
3. മലയാളി മെമ്മോറിയിലിലെ എത്രാമത്തെ ഒപ്പുകാരനാണ് ഡോ.പൽപ്പു?
(എ) ഒന്നാമത്തെ (ബി) രണ്ടാമത്തെ
(സി) മൂന്നാമത്തെ (ഡി) നാലാമത്തെ
4. 1921 ഓഗസ്റ്റ് 20– ന് ബ്രിട്ടീഷ് അധികൃതർ എവിടുത്തെ പള്ളിയാണ് റെയ്ഡ് ചെയ്തത്?
(എ) തിരൂർ (ബി) തിരൂരങ്ങാടി
(സി) മഞ്ചേരി (ഡി) പൊന്നാനി
5. കെ.പി.സി.സി. സെക്രട്ടറിയായി 1938–ൽ തിരഞ്ഞെടുക്കപ്പെട്ടതാര്? (47/2018/0)
(എ) ഇ.എം.എസ്. (ബി) ആർ.ശങ്കർ
(സി) കെ.കേളപ്പൻ (ഡി) എ.കെ.ഗോപാലൻ
6. തുഹ്ഫത്തുൽ മുജാഹിദിൻ എഴുതിയതാര്? (43/2018/0)
(എ) മുഹമ്മദ് ബിൻ (ബി) ശെയ്ഖ് സൈനുദ്ദീൻ
(സി) മാലിക് ബിൻ ദിനാൻ
(ഡി) ഹബീബ് ഇൻമാലിക്
7. 1878–ൽ തിരുവിതാംകൂർ ചരിത്രം രചിച്ചത്? (43/2018/0)
(എ) ശങ്കുണ്ണി മേനോൻ (ബി) പദ്മനാഭമേനോൻ
(സി) എ.ശ്രീധരമേനോൻ (ഡി) ഇവരാരുമല്ല
8. 1903–ൽ കോഴിക്കോട്ടുനടന്ന രാഷ്ട്രീയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്? (43/2018/0)
(എ) കെ.കേളപ്പൻ (ബി) സി.കൃഷ്ണൻ
(സി) സി.വിജയരാഘവാചാരി
(ഡി) രാമയ്യർ
9. 1849–ലെ മഞ്ചേരി കാർഷിക കലാപം നയിച്ചത്? (43/2018/0)
(എ) വി.മുഹമ്മദ് (ബി) അത്തൻ കുരിക്കൾ
(സി) സീതി കോയ (ഡി) ഫസൽ പൂക്കോയ തങ്ങൾ
10. ഇന്ത്യയിൽ യുനാനി ചികിത്സാ സമ്പ്രദായം പ്രചരിപ്പിച്ചത് ? (46/2018/0)
(എ) ഇറാൻകാർ (ബി) അഫ്ഗാൻകാർ
(സി) അറബികൾ (ഡി) തുർക്കികൾ
11. പൗരസമത്വവാദ പ്രക്ഷോഭത്തെ പിന്തുണച്ചുകൊണ്ട് 1918–ൽ പൗരസമത്വവാദം എന്ന പ്രശസ്തമായ ലേഖനം എഴുതിയതാര്? (45/2018/0)
(എ) കെ.കേളപ്പൻ (ബി) ടി.കെ.മാധവൻ
(സി) മുഹമ്മദ് യൂസഫ് തങ്ങൾ
(ഡി) ജോൺ നിധീരി
12. കേരളത്തിൽ സാമൂഹികക്ഷേമ വകുപ്പ് സ്ഥാപിതമായതെന്ന്? (44/2018/0)
(എ) 1978 സെപ്തംബർ (ബി) 1980 ഒക്ടോബർ
(സി) 1985 ഒക്ടോബർ (ഡി) 1975 സെപ്തംബർ
13. തന്റെ മാതാവിന്റെ വിയോഗത്തെത്തുടർന്ന് കുമാരനാശാൻ രചിച്ച വിലാപകാവ്യം?
(എ) പ്രരോദനം (ബി) ദുരവസ്ഥ
(സി) ഒരു അനുതാപം (ഡി) മഹചരമം
14. ചേറൂർ കലാപം നടന്ന വർഷം?
(എ) 1843 (ബി) 1855
(സി) 1866 (ഡി) 1833
15. പിൽക്കാലത്ത് തന്റെ ആചാര്യന്റെ വിമർശകനായി മാറിയ സാമൂഹിക പരിഷ്കർത്താവാര്?
(എ) വാഗ്ഭടാനന്ദൻ (ബി) കുമാരനാശാൻ
(സി) ശ്രീനാരായണഗുരു (ഡി) ചട്ടമ്പി സ്വാമികൾ
16. മഹാത്മാ പത്രത്തിന്റെ പത്രാധിപരായിരുന്നത്?
(എ) അംശി നാരായണപിള്ള
(ബി) കുമ്പളത്ത് ശങ്കുപ്പിള്ള
(സി) കേസരി ബാലകൃഷ്ണപിള്ള
(ഡി) ഇഎംഎസ്
17. പഞ്ചകല്യാണി നിരൂപണത്തിന്റെ കർത്താവ്?
(എ) ചട്ടമ്പി സ്വാമികൾ (ബി) ശ്രീനാരായണഗുരു
(സി) മന്നത്ത് പദ്മനാഭൻ (ഡി) വാഗ്ഭടാനന്ദൻ
18. ബ്രിട്ടീഷ് അധികാരികൾ മാപ്പിള കലാപകാരികളെ ഓസ്ട്രേലിയയിലെ എവിടേക്കാണ് നാടുകടത്തിയത്? (47/2018/0)
(എ) ബോട്ടണി ബേ (ബി) അഡ്ലൈഡ്
(സി) ഡാർവിൻ (ഡി) മെൽബൺ
19. ആരുടെ ഗുരുവായിരുന്നു കൊച്ചു കുഞ്ഞ് ആശാൻ?
(എ) കെ.പി.വള്ളോൻ (ബി) അയ്യത്താൻ ഗോപാലൻ
(സി) കൃഷ്ണാദിയാശാൻ (ഡി) കുറുമ്പൻ ദൈവത്താൻ
20. സാവിത്രി അന്തർജനവും ചാത്തനും കഥാപാത്രങ്ങളായ കുമാരനാശാന്റെ രചന?
(എ) കരുണ (ബി) ദുരവസ്ഥ
(സി) വീണപൂവ് (ഡി) ചണ്ഡാലഭിക്ഷുകി
21. ടി.കെ.മാധവന്റെ ദേശാഭിമാനിയിൽ 'ഞങ്ങൾക്കും സർക്കാർ ക്ഷേത്രങ്ങളിൽ ഒന്ന്' എന്ന ലേഖനം എഴുതിയതാര്?
(എ) സി.കേശവൻ (ബി) സി.വി.കുഞ്ഞുരാമൻ
(സി) കുമാരനാശാൻ (ഡി) വാഗ്ഭടാനന്ദൻ
22. മാന്നാനം സെന്റ് ജോസഫ് പ്രസിൽ അച്ചടിച്ച ആദ്യ പുസ്തകം?
(എ) ദീപിക (ബി) ജ്ഞാനോദയം
(സി) ജ്ഞാനപീയുഷം (ഡി) ജ്ഞാനനിക്ഷേപം
23. ബുദ്ധമത ഇതിവൃത്തത്തിലുള്ള കുമാരനാശാന്റെ രചനകൾ?
(എ) ചണ്ഡാലഭിക്ഷുകി,കരുണ
(ബി) ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി
(സി) ചണ്ഡാലഭിക്ഷുകി, വീണപൂവ്
(ഡി) കരുണ, ചിന്താവിഷ്ടയായ സീത
24. പി.കൃഷ്ണപിള്ള ജനിച്ചതെവിടെയാണ്?
(എ) വൈക്കം (ബി) ആലുവ
(സി) കാഞ്ഞിരപ്പള്ളി (ഡി) കായംകുളം
25. എന്നാണ് വിമോചനസമരം ആരംഭിച്ചത്?
(എ) 1959 ജൂലൈ 31 (ബി) 1959 ജൂൺ 30
(സി) 1959 ജൂൺ 12 (ഡി) 1959 ജൂലൈ 12
26. ക്രിസ്തുമതം സ്വീകരിക്കുകയും സി.കെ.ജോൺ എന്ന് പേരുമാറ്റുകയും ചെയ്ത സാമൂഹിക പരിഷ്കർത്താവ്?
(എ) കുമാരഗുരുദേവൻ (ബി) കെ.പി.വള്ളോൻ
(സി) കൃഷ്ണാദിയാശാൻ (ഡി) പി.സി.ചാഞ്ചൻ
27. കുമരനാശാന്റെ അന്ത്യവിശ്രമം എവിടെയാണ്?
(എ) കായിക്കര (ബി) തോന്നയ്ക്കൽ
(സി) പല്ലന (ഡി) പേട്ട
28. ബാലപ്രബോധിനി സംസ്കൃത പാഠശാല സ്ഥാപിച്ചത്?
(എ) വാഗ്ഭടാനന്ദൻ (ബി) ചാവറയച്ചൻ
(സി) കുമാരനാശാൻ (ഡി) സി.കൃഷ്ണൻ
29. കുമാരനാശാന്റെ ഏത് രചനയിലെ വരികളാണ് 'പാരതന്ത്ര്യം മാനികൾക്ക് മൃതിയെക്കാൾ ഭയാനകം'?
(എ) ദുരവസ്ഥ (ബി) ലീല
(സി) നളിനി (ഡി) ഒരു ഉദ്ബോധനം
30. മന്നത്ത് പദ്മനാഭൻ ഏത് വർഷമാണ് നായർ സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റായത്?
(എ) 1914 (ബി) 1915
(സി) 1945 (ഡി) 1949
31. താഴെക്കൊടുത്തിരിക്കുന്നവരിൽ ആരാണ് വൈക്കം സത്യാഗ്രഹത്തിന്റെ ആദ്യ സത്യാഗ്രഹികളിൽ ഉൾപ്പെടാത്തത്?
(എ) കുഞ്ഞാപ്പി (ബി) പി.കൃഷ്ണപിള്ള
(സി) ബാഹുലേയൻ (ഡി) ഗോവിന്ദപ്പണിക്കർ
32. 'ബന്ധനത്തിൽനിന്ന്' എന്ന പുസ്തകം രചിച്ചതാര്?
(എ) കെ.കേളപ്പൻ (ബി) പണ്ഡിറ്റ് കറുപ്പൻ
(സി) കെ.പി.കേശവമേനോൻ (ഡി) കുമാരനാശാൻ
33. താഴെക്കൊടുത്തിരിക്കുന്നവരിൽ ആരാണ് വി.ടി.ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിൽ ഒരു ചെറിയ വേഷം അഭിനയിച്ചത്?
(എ) ഇഎംഎസ് (ബി) എ.കെ.ഗോപാലൻ
(സി) പി.കൃഷ്ണപിള്ള (ഡി) സി.കേശവൻ
34. എവിടെനിന്നാണ് യുക്തിവാദിയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്?
(എ) തിരുവനന്തപുരം (ബി) എറണാകുളം
(സി) തലശ്ശേരി (ഡി) കോഴിക്കോട്
35. വിചിത്രവിജയം എന്ന നാടകം രചിച്ചതാര്?
(എ) ശ്രീനാരായണഗുരു (ബി) പണ്ഡിറ്റ് കറുപ്പൻ
(സി) വാഗ്ഭടാനന്ദൻ (ഡി) കുമാരനാശാൻ
36. അക്കാമ്മ ചെറിയാൻ ജനിച്ച സ്ഥലം?
(എ) പേട്ട (ബി) കാഞ്ഞിരപ്പള്ളി
(സി) കവടിയാർ (ഡി) വെള്ളയമ്പലം
37. കുടി അരശ് എന്ന പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട സാമൂഹിക പരിഷ്കർത്താവ്?
(എ) തൈക്കാട് അയ്യ (ബി) അയ്യാ വൈകുണ്ഠർ
(സി) ഇ വി രാമസ്വാമി നായ്ക്കർ
(ഡി) കൃഷ്ണസ്വാമി അയ്യർ
38. ഏത് വർഷമാണ് മന്നത്ത് പദ്മനാഭൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായത്?
(എ) 1947 (ബി) 1948
(സി) 1949 (ഡി) 1950
39. കുണ്ടറ വിളംബരം നടത്തിയ സമയത്തെ തിരുവിതാംകൂർ രാജാവ്?
(എ) ധർമരാജാവ് (ബി) ബാലരാമവർമ
(സി) മാർത്താണ്ഡവർമ (ഡി) സ്വാതി തിരുനാൾ
40. ക്ഷേത്രപ്രവേശനത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവിതാംകൂർ ഭരണകൂടം 1932–ൽ നിയോഗിച്ച എട്ടംഗസമിതിയുടെ തലവനായിരുന്നത്?
(എ) ഉള്ളൂർ എസ് പരമേശ്വരയ്യർ
(ബി) വി എസ് സുബ്രമണ്യയ്യർ
(സി) നമ്പി നീലകണ്ഠശർമ (ഡി) മഹാദേവയ്യർ
41. 'മലബാർ കലാപം' എന്ന പുസ്തകം രചിച്ചത്:
(എ) കെ.കേളപ്പൻ (ബി) കെ.കെ.എൻ.കുറുപ്പ്
(സി) കെ.പി.കേശവമേനോൻ
(ഡി) കെ.മാധവൻ നായർ
42. ചട്ടമ്പി സ്വാമികൾക്കായി പന്മനയിൽ ആശ്രമം നിർമിച്ചതാര് ?
(എ) ബോധേശ്വരൻ (ബി) കുമ്പളത്ത് ശങ്കുപ്പിള്ള
(സി) നീലകണ്ഠതീർഥപാദർ
(ഡി) കൊല്ലൂർ കൃഷ്ണപിള്ള
43. ആനന്ദകല്പദ്രുമത്തിന്റെ കർത്താവാര്?
(എ) ബ്രഹ്മാനന്ദശിവയോഗി
(ബി) കുമാരനാശാൻ (സി) ശ്രീനാരായണഗുരു
(ഡി) ചട്ടമ്പി സ്വാമികൾ
44. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം എന്ന് 1917–ൽ പ്രഖ്യാപിക്കുന്നതിന് ശ്രീനാരായണഗുരുവിനെ പ്രേരിതനാക്കിയ സാമൂഹിക പരിഷ്കർത്താവ്?
(എ) കുമാരനാശാൻ (ബി) കെ.അയ്യപ്പൻ
(സി) വാഗ്ഭടാനന്ദൻ (ഡി) ചട്ടമ്പി സ്വാമികൾ
45. ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ സൈഫുൽ ബത്താർ എന്ന കൃതി അറബിഭാഷയിൽ രചിച്ചത്?
(എ) മക്തി തങ്ങൾ (ബി) മമ്പുറം തങ്ങൾ
(സി) ആലി മുസലിയാർ (ഡി) വക്കം മൗലവി
46. താഴെക്കൊടുത്തിരിക്കുന്നവയിൽ വാഗ്ഭടാനന്ദനുമായി ബന്ധമില്ലാത്ത പ്രസിദ്ധീകരണമേത്?
(എ) അഭിനവകേരളം (ബി) ആത്മവിദ്യാകാഹളം
(സി) യജമാനൻ (ഡി) വേലക്കാരൻ
47. 1921–ലെ മാപ്പിള കലാപകാലത്തെ മലബാർ കലക്ടർ?
(എ) ഇ.എഫ്.തോമസ് (ബി) എച്ച്.വി. കൊനോലി
(സി) എ.ആർ.നാപ്പ് (ഡി) വില്യം മക്ലിയോഡ്
48. സമുദായ–മത നവീകരണത്തിനെ ദേശീയ പ്രസ്ഥാനവുമായി ബന്ധിപ്പിച്ച കേരളത്തിലെ നവോത്ഥാന നായകനാര്? (55/2018/0)
(എ) അയ്യങ്കാളി (ബി) പണ്ഡിറ്റ് കറുപ്പൻ
(സി) വാഗ്ഭടാനന്ദൻ (ഡി) വക്കം മൗലവി
49. താഴെക്കൊടുത്തിരിക്കുന്നവയിൽ 1946–ൽ നടന്നത് അല്ലാത്ത സംഭവം?
(എ) പുന്നപ്ര–വയലാർ (ബി) കരിവെള്ളൂർ സമരം
(സി) കുട്ടംകുളം സമരം (ഡി) കടയ്ക്കൽ പ്രക്ഷോഭം
50. അയ്യങ്കാളിയും മഹാത്മാഗാന്ധിയും കണ്ടുമുട്ടിയ സ്ഥലം?
(എ) വെങ്ങാനൂർ (ബി) വർക്കല
(സി) വിഴിഞ്ഞം (ഡി) ബാലരാമപുരം

## Answers

1(a) 2(c) 3(c) 4(b) 5(a) 6(b) 7(a) 8(c) 9(d) 10(c) 11(b) 12(d) 13(c) 14(a) 15(a) 16(a) 17(c)18(a) 19(d) 20(b) 21(b) 22(c) 23(a) 24(a) 25(c) 26(c) 27 (c) 28(d) 29(d) 30(c) 31(b) 32(c) 33(a) 34(b) 35(d) 36(b) 37(c) 38(c) 39(b) 40(b) 41(d) 42(b) 43(a) 44(c)45(b) 46(d) 47(a)48(c) 49(d) 50(d)




# ഇരുപതാം നൂറ്റാണ്ട് 2

ആർ സി സുരേഷ്കുമാർ 9447006221

## കൊച്ചി പുലയ മഹാജനസഭ

1913– കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (ജനനം 1865) അന്തരിച്ചു.

- കൊച്ചി പുലയ മഹാജനസഭ ഉദ്ഘാടനം ചെയ്യപ്പെട്ടു. ആദ്യ പ്രസിഡന്റ് കൃഷ്ണാതി ആശാൻ. സെക്രട്ടറി പി.സി.ചാഞ്ചൻ.
- സി.വി. രാമൻപിള്ളയുടെ 'ധർമരാജാ' പ്രസിദ്ധീകരിച്ചു.
- മഹാത്മാഗാന്ധിയെക്കുറിച്ച് മലയാളത്തിൽ ആദ്യമായി ഒരു ഗ്രന്ഥം 'മോഹൻദാസ് ഗാന്ധി' എന്ന പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള രചിച്ചു.
- വിദ്യാലയ പ്രവേശവും സഞ്ചാര സ്വാതന്ത്ര്യവും ആവശ്യപ്പെട്ട് തെക്കൻ തിരുവിതാംകൂറിലെ ദളിതർ അയ്യൻകാളിയുടെ നേതൃത്വത്തിൽ പണിമുടക്ക് ആരംഭിച്ചു. 1914 മെയ് മാസത്തിലാണ് സമരം അവസാനിച്ചത്.



- സാധുജനപരിപാലനസംഘത്തിന്റെ മുഖപത്രമായി ചെമ്പുത്തറ കാളി ചോതിക്കറുപ്പൻ പത്രാധിപരായി 'സാധുജനപരിപാലിനി' ആരംഭിച്ചു. ഈ മാസിക ഇന്ത്യയിലെ അധഃകൃതവർഗത്തിന്റെ ചരിത്രത്തിൽ ആദ്യത്തേതാണ്.
- ശ്രീനാരായണഗുരു ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചു. ഒരു പ്രത്യേക ദേവനും ഈ ക്ഷേത്രം സമർപ്പിക്കപ്പെട്ടിട്ടില്ല. ഓം സാഹോദര്യം സർവത്ര ആണ് പ്രമാണവാക്യം.

## നായർ സർവീസ് സൊസൈറ്റിയുടെ തുടക്കം

1914– കേരള വർമ വലിയകോയിത്തമ്പുരാൻ (കേരള കാളിദാസൻ) അന്തരിച്ചു. (സെപ്തംബർ 22). 'അഭിജ്ഞാനശാകുന്തളം' ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിനാൽ അദ്ദേഹത്തെ കേരള കാളിദാസൻ എന്നു വിളിച്ചു.

- മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നായർ സർവീസ് സൊസൈറ്റിയുടെ ആദ്യരൂപമായ 'നായർ ഭൃത്യജനസംഘം' ചങ്ങനാശ്ശേരി പെരുന്നയിലുള്ള മന്നത്തുഭവനിൽ രൂപംകൊണ്ടു. ആദ്യ പ്രസിഡന്റ് കെ കേളപ്പൻ, മന്നം ആദ്യ സെക്രട്ടറി , ഖജാൻജി പനങ്ങാട്ടു കേശവപ്പണിക്കർ (ഒക്ടോബർ 31). 1915ൽ നായർ സർവീസ് സൊസൈറ്റി എന്ന പേരു നിർദ്ദേശിച്ചത്. ഈ പേരു നിർദ്ദേശിച്ചത് കെ.പരമുപിള്ളയാണ്. നായർ സർവീസ് സൊസൈറ്റിയുടെ സംഘടനാഘടന ആവിഷ്കരിച്ചത് ഗോപാലകൃഷ്ണ ഗോഖലെയുടെ സെർവന്റ്സ് ഓഫ് ഇന്ത്യയെ മാതൃകയാക്കിയാണ്.



- ബ്രിട്ടീഷ് ഗവൺമെന്റുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് കൊച്ചിയിലെ രാമവർമ രാജാവ് സ്ഥാനത്യാഗം ചെയ്തു (ഡിസംബർ 7).
- സൈലന്റ് വാലിയെ റിസർവ് വനമാക്കി. ഇപ്പോൾ ഇത് പാലക്കാട് ജില്ലയിലാണ്.
- 1914–ലെ കൊച്ചി വില്ലേജ് പഞ്ചായത്ത് ആക്ടിലൂടെ കൊച്ചിയിൽ ഗ്രാമഭരണം തുടങ്ങി. 1922–ലെ കൊച്ചി പഞ്ചായത്ത് റെഗുലേഷൻ ആക്ടിന്റെ ഫലമായി പഞ്ചായത്തുകളുടെ അധികാരം വർധിച്ചു. പ്രായപൂർത്തി വോട്ടവകാശം 1935–ൽ നിലവിൽവന്നു.

## ഊരുട്ടമ്പലം ലഹള

1915– അയ്യൻകാളിയുടെ നേതൃത്വത്തിൽ ഊരുട്ടമ്പലം ലഹള (തൊണ്ണൂറാമാണ്ട് ലഹള). അതേവർഷം കൊല്ലത്ത് പെരിനാട്ടിൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ 'കല്ലുമാല സമരം' നടന്നു.




- കൊല്ലത്തുനിന്ന് ടി.കെ. മാധവൻ 'ദേശാഭിമാനി' വാരിക ആരംഭിച്ചു (ഏപ്രിൽ 7). ഇത് 1930ൽ നിലച്ചു.
- തിരുവിതാംകൂറിൽ മുസ്ലിം ലീഗ് തുടങ്ങി.
- വടക്കേ മലബാറിൽ പിന്നോക്കജാതിയിൽ ജനിച്ച വാഗ്ഭടാനന്ദഗുരുദേവൻ (1885–1939) ജാതിചിന്തയ്ക്കും വിഗ്രഹാരാധനയ്ക്കുമെതിരെയും മദ്യനിരോധന പ്രചാരണാർഥവും ആത്മവിദ്യാസംഘം എന്ന സംഘടനയ്ക്ക് രൂപംനൽകി.



- ആലപ്പുഴ ലജനുത്തുൽ മുഹമ്മദീയ, മുസ്ലിം ഐക്യസംഘം, മുസ്ലിം മജ്ലിസ്, തിരുവിതാംകൂർ മുസ്ലിം സർവീസ് ലീഗ് എന്നീ സംഘടനകൾ ഉണ്ടായി.
- കൊച്ചിയിൽ ആദ്യത്തെ ഭൂപരിഷ്കരണ നിയമം.
- മലബാറിൽ കുടിയാൻ പ്രക്ഷോഭം.

## കെ രാമകൃഷ്ണപിള്ളയുടെ വിയോഗം

1916– സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള അന്തരിച്ചു (മാർച്ച് 28). 1910ൽ തിരുവിതാംകൂറിൽ നിന്നും നാടകടത്തപ്പെട്ട അദ്ദേഹം ഭാര്യയുമൊന്നിച്ച് മദ്രാസ്, പാലക്കാട് പ്രദേശങ്ങളിൽ സഞ്ചരിച്ചശേഷം കണ്ണൂരിൽ താമസമാക്കി. അദ്ദേഹമെഴുതിയ 'വൃത്താന്ത പത്രപ്രവർത്തനം' മലയാളത്തിൽ, പത്രപ്രവർത്തനത്തെക്കുറിച്ചെഴുതപ്പെട്ട ആദ്യ കൃതിയാണ്.



- ഡോ. ആനി ബസന്റ് അഖിലേന്ത്യാ ഹോം റൂൾ ലീഗ് സ്ഥാപിച്ചപ്പോൾ അതിന്റെ ഒരു ശാഖ മലബാറിലും സ്ഥാപിക്കപ്പെട്ടു. കെ.പി.കേശവമേനോനായിരുന്നു ഹോം റൂൾ ലീഗിന്റെയും കോൺഗ്രസ് കമ്മിറ്റിയുടെയും സെക്രട്ടറി. കെ.പി.രാമൻ മേനോൻ പ്രസിഡന്റും (കോൺഗ്രസിന്റെ ഒരു കമ്മിറ്റി മലബാറിൽ മുമ്പ് രൂപംകൊണ്ടിരുന്നെങ്കിലും സംഘടിതമായ രീതിയിൽ മലബാർ ജില്ലക്കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത് 1916–ൽ ആയിരുന്നു).
- കോൺഗ്രസിന്റെയും ഹോംറൂൾ ലീഗിന്റെയും നേതൃത്വത്തിൽ ആദ്യത്തെ മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനം പാലക്കാട്ട് നടന്നു (മെയ് 4,5). ആനി ബസന്റായിരുന്നു അധ്യക്ഷ. സ്വാഗതസംഘാധ്യക്ഷൻ കൊല്ലങ്കോട് വാസുദേവരാജയായിരുന്നു.
- നായർ സർവീസ് സൊസൈറ്റിയുടെ ആദ്യത്തെ സ്കൂൾ കറുകച്ചാലിൽ പ്രവർത്തനമാരംഭിച്ചു. കെ. കേളപ്പനായിരുന്നു ഹെഡ്മാസ്റ്റർ.

## എ.ആർ.രാജരാജവർമയുടെ നിര്യാണം

1917– കോഴിക്കോട്ടു ചേർന്ന രണ്ടാമത് മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനത്തിൽ സി.പി.രാമസ്വാമി അയ്യർ അധ്യക്ഷത വഹിച്ചു (ഏപ്രിൽ 23, 24). അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായിരുന്നു അപ്പോൾ അദ്ദേഹം. കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് കൂടുന്നത് കളക്ടർ നിരോധിച്ചതിനാൽ സ്വാഗതസംഘാധ്യക്ഷൻ കെ.പി.രാമൻ മേനോന്റെ ചാലപ്പുറത്തുള്ള വീടിനുമുന്നിലാണ് പന്തൽകെട്ടി സമ്മേളനം നടത്തിയത്.

- സഹോദരസംഘത്തിന്റെ മുഖപത്രമായി കെ അയ്യപ്പന്റെ പത്രാധിപത്യത്തിൽ 'സഹോദരൻ' മാസിക ആരംഭിച്ചു. 'സഹോദരസംഘ'ത്തിന് കൊച്ചിയിലെ ചെറായിയിൽ തുടക്കംകുറിച്ചതും ഇതേവർഷമാണ് (മെയ് 29).
- കോഴിക്കോട് തളിക്ഷേത്ര റോഡിൽ അവർണർ പ്രവേശിച്ചുകൂടാ എന്ന് സാമൂതിരി കൽപന പുറപ്പെടുവിച്ചതിനെതിരെ തളിസമരം.
- വൈയാകരണനും കവിയും നിരൂപകനുമായ എ.ആർ.രാജരാജവർമ അന്തരിച്ചു. മലയാള വ്യാകരണത്തിന്റെ പ്രാമാണിക ഗ്രന്ഥമായ കേരളപാണിനീയം ഉൾപ്പെടെ നിരവധി കൃതികൾ രചിച്ചു. എ.ആറിന്റെ മരണത്തിൽ വേദനിച്ച് കുമാരനാശാൻ എഴുതിയ വിലാപകാവ്യമാണ് 'പ്രരോദനം'. ആശാന്റെ 'നളിനി



'ക്ക് എ.ആർ.രാജരാജവർമ എഴുതിയ അവതാരിക പ്രസിദ്ധമാണ്. മലയാള സാഹിത്യത്തിന്റെ വികാസത്തിൽ എ.ആർ.രാജരാജവർമ ചെലുത്തിയ സാധീനത്തെ 'രാജരാജന്റെ മാറ്റൊലി' എന്നാണ് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ചത്.

1918– തലശ്ശേരിയിൽ ചേർന്ന മൂന്നാമത് മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനത്തിൽ ആസാദ് അലി ഖാൻ ബഹാദൂർ അധ്യക്ഷത വഹിച്ചു (മെയ് 6).

– സി. പി. അച്യുതമേനോൻ, ടി. ആർ. രാമചന്ദ്രയ്യർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൊച്ചി രാജ്യപ്രജാസഭ തുടങ്ങി. കൊച്ചി രാജ്യത്തെ ആദ്യ ബാങ്ക് തൃശൂരിൽ തുടങ്ങിയതും ഇതേവർഷമാണ്.

– തിരുവനന്തപുരത്തുനിന്ന് 'സമദർശി' പത്രം വാരികയായി ആരംഭിച്ചു.

– 1891–ൽ മാർത്താണ്ഡവർമയും 1913–ൽ ധർമരാജായും രചിച്ച സി.വി. രാമൻപിള്ള തിരുവിതാംകൂർ രാജകുടുംബത്തെ പശ്ചാത്തലമാക്കിയുള്ള തന്റെ മൂന്നാമത്തെ നോവലായ രാമരാജാ ബഹദൂറിന്റെ ഒന്നാംഭാഗം രചിച്ചു.




– ശ്രീനാരായണഗുരുവിന്റെ ശ്രീലങ്ക സന്ദർശനം. അന്നുമുതലാണ് കാവി ധരിക്കുന്നത്. നാരായണഗുരു സന്ദർശിച്ച ഏക വിദേശ രാജ്യമാണ് ശ്രീലങ്ക.

– മാഹി മഹാജനസഭ രൂപംകൊണ്ടു. പിൽക്കാലത്ത് മയ്യഴിയെ ഫ്രഞ്ചധീനതയിൽനിന്ന് മോചിപ്പിച്ചത് ഈ സംഘടനയായിരുന്നു.

1919– വടകരയിൽ ചേർന്ന നാലാമത് മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനത്തിൽ കെ.പി.രാമൻ മേനോൻ അധ്യക്ഷത വഹിച്ചു (മെയ് 5,6). 1919–ലെ മൊണ്ടേഗു–ചെംസ്ഫോർഡ് പരിഷ്കാരത്തിൽ യോഗം അതൃപ്തി രേഖപ്പെടുത്തി.

– സർ റോബർട്ട് ബ്രിസ്റ്റോ കൊച്ചിയിൽ വെല്ലിങ്ടൺ ദ്വീപിന്റെ നിർമാണം ആരംഭിച്ചു. കൊച്ചി തുറമുഖത്തിന്റെ ആഴംകൂട്ടി വികസിപ്പിക്കുന്നതിനുവേണ്ടിയാണിത്.

– തിരുവിതാംകൂറിൽ സാംബവർ സംഘം രൂപംകൊണ്ടു. പറയർ സമർപ്പിച്ച നിവേദനപ്രകാരം ശ്രീമൂലം തിരുനാൾ രാജാവാണ് തമിഴ്നാട്ടിലെ ശിവഭക്തരായ പറയർക്കുള്ള 'സാംബവർ' എന്ന പേരിന് ഇവിടെ അംഗീകാരം നൽകിയത്.

– കുമാരനാശാന്റെ എസ്.എൻ.ഡി.പി. ജനറൽസെക്രട്ടറി സ്ഥാനത്തുനിന്നുള്ള രാജി കായംകുളത്തുചേർന്ന പൊതുയോഗം സ്വീകരിച്ചു.



– തിരുവിതാംകൂറിലെ ക്രൈസ്ത–ഈഴവ–മുസ്ലിം സമുദായങ്ങൾക്ക് ഭാഗികമായ ചില നേട്ടങ്ങൾ ലഭ്യമായ പൗരാവകാശസമിതിയുടെ പൗരസമത്വവാദ പ്രക്ഷോഭണം (1919–1923) ആരംഭിച്ചു. ഈ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ് റവന്യൂ, ദേവസ്വം വകുപ്പുകൾ വിഭജിക്കപ്പെട്ടത്. അതിന്റെ ഫലമായി അവർണ ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും റവന്യൂ വകുപ്പിൽ ഉദ്യോഗം ലഭിച്ചുതുടങ്ങി.

## ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം


1920 – മഞ്ചേരിയിൽ അഞ്ചാമത്തെയും അവസാനത്തെയും അഖില മലബാർ രാഷ്ട്രീയ സമ്മേളനം നടന്നു. 'ഹിന്ദു' പത്രാധിപർ കസ്തൂരി രങ്കയ്യങ്കാർ ആയിരുന്നു അധ്യക്ഷൻ. ആയിരത്തി മുന്നൂറോളം പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. ആനി ബസന്റും ഈ കോൺഫറൻസിൽ പങ്കെടുത്തു. എന്നാൽ, മൊണ്ടേഗു–ചെംസ്ഫോഡ് പരിഷ്കാരത്തിന്റെ പേരിൽ ആനി ബസന്റും മഞ്ചേരി രാമയ്യരും ഒരു വശത്തും കെ.പി.കേശവമേനോൻ, കെ.മാധവൻ നായർ, എ. രങ്കസ്വാമി അയ്യങ്കാർ എന്നിവർ മറുഭാഗത്തുമായി നിലയുറപ്പിച്ചു. അഭിപ്രായ വ്യത്യാസം കാരണം ആനിബസന്റും അനുയായികളും യോഗം ബഹിഷ്കരിച്ചു.



– ഗാന്ധിജി ആദ്യമായി കേരള സന്ദർശിച്ചു (ആഗസ്ത് 18). ഖിലാഫത്ത് സമരത്തിന്റെ പ്രചാരണാർഥമാണ് അദ്ദേഹം ഖിലാഫത്ത് നേതാവ് ഷൗക്കത്തലിയോടൊപ്പം കോഴിക്കോട്ടെത്തിയത്.

– നിയമസഭ പരിഷ്കരിച്ചുകൊണ്ട് തിരുവിതാംകൂർ സർക്കാർ വിളംബരം പുറപ്പെടുവിച്ചു. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ കൂടിയ അംഗസംഖ്യ 25–ഉം കുറഞ്ഞത് 15–ഉം ആക്കി.

– 'മദ്യം വിഷമാണ്, അത് ഉണ്ടാക്കരുത്, വിൽക്കരുത്', കൊടുക്കരുത്, കുടിക്കരുത്'എന്ന ഉപദേശം ശ്രീനാരായണഗുരു ജന്മദിന സന്ദേശത്തിൽ നൽകി.



– തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ കോൺഗ്രസ് കമ്മിറ്റികളെ ഏകോപിപ്പിച്ച് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിക്ക് രൂപംനൽകി. ആദ്യസെക്രട്ടറി കെ മാധവൻനായർ. ജോയിന്റ് സെക്രട്ടറി യു. ഗോപാലമേനോൻ.

– തിരുവിതാംകൂറിൽ മുനിസിപ്പൽ ആക്ടനുസരിച്ച് പട്ടണങ്ങളുടെ ഭരണം നടത്തിയിരുന്ന ടൗൺ കമ്മിറ്റികൾ മാറി മുനിസിപ്പാലിറ്റികൾ നിലവിൽവന്നു. തിരുവനന്തപുരം , നാഗർകോവിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, ആലുവ, തിരുവല്ല, ചെങ്കോട്ട, വൈക്കം എന്നിവയായിരുന്നു ആദ്യകാല മുനിസിപ്പാലിറ്റികൾ.

## കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ രൂപവത്കരണം

1921– 1921ലെ കൊച്ചി നായർ റഗുലേഷൻ കൂട്ടുകുടുംബങ്ങൾക്ക് ഭാഗംവയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തി. 1938ൽ നിലവിൽവന്ന നായർ ആക്ടിലൂടെ നിയമപരമായി ഭാര്യ ഭർത്താവിന്റെയും മക്കൾ പിതാവിന്റെയും പിന്തുടർച്ചാവകാശക്കാരാണെന്നും ആ നിലയ്ക്ക് അവർക്ക് ഭർത്താവിന്റെയും പിതാവിന്റെയും സ്വത്തിനവകാശമുണ്ടെന്നും വ്യവസ്ഥചെയ്തു. തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും തറവാട് സ്വത്തിൽ ആളോഹരി വിഹിതത്തിന് അർഹതയുണ്ടായി. ബഹുഭാര്യാത്വം നിരോധിച്ചു.

– നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി രൂപവത്കൃതമായി. തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കൊച്ചി, തിരുവിതാംകൂർ എന്നീ അഞ്ച് ജില്ലാക്കമ്മിറ്റികൾ കെ.പി.സി.സിക്ക് കീഴിലുണ്ടായിരുന്നു.

– ആന്ധ്രാകേസരി ടി പ്രകാശത്തിന്റെ അധ്യക്ഷതയിൽ ഒന്നാമത് കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം ഒറ്റപ്പാലത്ത് നടന്നു (ഏപ്രിൽ 23 മുതൽ 26 വരെ). മാപ്പിളമാർ ഈ സമ്മേളനത്തിൽ വൻതോതിൽ പങ്കെടുത്തു. ഏപ്രിൽ 25–ന് ഖിലാഫത്ത് സംബന്ധമായി നടന്ന പ്രത്യേക സമ്മേളത്തിൽ സയ്യിദ് മുർതാസ സാഹിബ് അധ്യക്ഷത വഹിച്ചു.

– കെ.പി.സി.സി.യുടെ അഞ്ച് ജില്ലാക്കമ്മിറ്റികളിലൊന്ന് തിരുവനന്തപുരം ആസ്ഥാനമായുള്ള തിരുവിതാംകൂർ കോൺഗ്രസ് കമ്മിറ്റിയായിരുന്നു. എ.കെ. പിള്ള, കെ. ജി. ശങ്കർ, എം. മാത്തുണ്ണി, ജി.രാമചന്ദ്രൻ, പൊന്നറ ശ്രീധർ, കെ.കുമാർ എന്നിവർ തിരുവിതാംകൂറിലെ ആദ്യകാല സജീവ രാഷ്ട്രീയ പ്രവർത്തകരാണ്. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, എം.ഇ.നായിഡു, പാണ്ടവത്തു ശങ്കരപ്പിള്ള, എം.ശിവതാണുപിള്ള, ടി.കെ.മാധവൻ, ജോർജ് ജോസഫ്, എൻ.പി.കുരുക്കൾ തുടങ്ങിയവരുടെ പേരുകളും സ്മരണീയമാണ്.

– സാമ്പത്തിക ദുരിതാവസ്ഥയിലായിരുന്ന മലബാർ മുസ്ലിങ്ങളിൽ ഖിലാഫത്ത് പ്രസ്ഥാനം സൃഷ്ടിച്ച പുത്തനുണർവ് അധികാരികളെ അസ്വസ്ഥരാക്കി. ഖിലാഫത്ത് നിസ്സഹരണ പ്രസ്ഥാനങ്ങളെ അടിച്ചമർത്താനുള്ള അധികാരികളുടെ ഗൂഢശ്രമം മലബാർ കലാപത്തിൽ കലാശിച്ചു.

– നിലമ്പൂർ രാജാവിന്റെ ഒരു തോക്ക് മോഷ്ടിച്ചുവെന്നാരോപിച്ച് പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിന്റെ വീട് പോലീസ് പരിശോധിച്ചതിൽ പ്രകോപിതരായി രണ്ടായിരത്തോളം മാപ്പിളമാർ ഒന്നിച്ചുകൂടിയപ്പോൾ പോലീസിനു പിൻമാറേണ്ടിവന്നു (ജൂലായ്). മുഹമ്മദിനെ അറസ്റ്റുചെയ്യാനുള്ള ശ്രമം പരാജയപ്പെട്ടു. എന്നാൽ, ആഗസ്ത് 19ന് പോലീസ് വീണ്ടും തിരൂരങ്ങാടിയിലെത്തി; അവിടത്തെ



ഖിലാഫത്ത് ഓഫീസ് പരിശോധിച്ച് ചില രേഖകൾ പിടിച്ചെടുത്തു. സ്ഥലത്തെ മുസ്ലിം പള്ളിയിലും അവർ കടന്നുകയറി. താനൂർ, തിരൂർ, കോട്ടയ്ക്കൽ എന്നിവിടങ്ങളിലെ മാപ്പിളമാർ തിരൂരങ്ങാടിയിലേക്ക് പ്രവഹിച്ചു. തുടർന്ന് പോലീസ് വെടിവച്ചു. സംഘർഷാവസ്ഥ വളർന്നു. കലാപകാരികൾ റയിൽവേ ലൈനുകളും ടെലിഗ്രാഫ് കമ്പികളും കേടുവരുത്തി. മാപ്പിളമാർ താലൂക്ക് ഓഫീസ്, പോലീസ് സ്റ്റേഷൻ, മറ്റു ഗവൺമെന്റ് ഓഫീസുകൾ എന്നിവയ്ക്കു തീവെച്ചു. തിരൂരങ്ങാടി, മലപ്പുറം പ്രദേശങ്ങൾ കലാപകാരികളുടെ 'ഭരണ'ത്തിലായി. ആലി മുസലിയാരെ ഭരണാധികാരിയായി പ്രഖ്യാപിച്ചു. ഖിലാഫത്ത് പ്രസിഡന്റായിരുന്ന ലവക്കുട്ടിയായിരുന്നു ആലി മുസലിയാരുടെ മന്ത്രി.


– മാപ്പിള ലഹളയോട് അനുബന്ധിച്ച് മണ്ണാർക്കാട്ട് ഏറ്റുമുട്ടൽ (ആഗസ്ത് 22)

– പൂക്കോട്ടൂർ എന്ന സ്ഥലത്തുവച്ച് മാപ്പിള കലാപകാരികളും പട്ടാളവും ഏറ്റുമുട്ടി (ആഗസ്ത് 26). ആയിരത്തോളംവരുന്ന കലാപകാരികളുമായി ഏറ്റുമുട്ടിയശേഷംപട്ടാളത്തിനു പിൻമാറേണ്ടിവന്നു.

– ആഗസ്ത് 29–ന് ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട്, വയനാട് എന്നീ അഞ്ചുതാലൂക്കുകളിൽ പട്ടാള നിയമം പ്രഖ്യാപിച്ചു.

## വാഗൺ ട്രാജഡി

– അടച്ചുപൂട്ടിയ റെയിൽവെ ഗുഡ്സ്വാഗണിൽ 90ൽപരം കലാപകാരികളെ തിരൂരിൽനിന്നും ബെല്ലാരി തടറവയിലേക്കയച്ചു. പോത്തന്നൂരിൽവച്ച് വാഗൺതുറന്നു



നോക്കിയപ്പോൾ 64പേർ ശ്വാസംമുട്ടി മരിച്ചിരുന്നു. (നവം. 10). എട്ടു പേർ കോയമ്പത്തൂർ ആശുപത്രിയിൽ വച്ചും മരിച്ചു. 1922 ഫിബ്രവരിയിലാണ് പട്ടാളനിയമം പിൻവലിച്ചത്. വാഗൺ ട്രാജഡിയെക്കുറിച്ചന്വേഷിക്കാൻ മദ്രാസ് ഗവൺമെന്റ് നേപ്പ് കമ്മീഷനെ നിയമിച്ചു. ഗവൺമെന്റ് കുറ്റം കണ്ടെത്തുകയും മരിച്ചവരുടെ കുടുംബത്തിന് 300 രൂപ വീതം നഷ്ടപരിഹാരം നൽകുകയും ചെയ്തു. വാഗൺ ട്രാജഡിയിൽ മരിച്ചവരിൽ നാലുപേർ ഹിന്ദുക്കളായിരുന്നു.

– മേരി പുന്നൻ ലൂക്കോസിനെ തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിലേക്ക് നാമനിർദേശം ചെയ്തു. ഇന്ത്യയിലെ ആദ്യത്തെ വനിതാ ജനപ്രതിനിധിയാണ് അവർ. പിൽക്കാലത്ത് അവർ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർജൻസ് ജനറലായി.

– ആര്യസമാജം കേരളത്തിൽ പ്രവർത്തനമാരംഭിച്ചു.

– ഗാന്ധിജിയുടെ അഭ്യർഥന പ്രകാരം എ.കെ.പിള്ള തന്റെ നിയമപഠനം പൂർത്തിയാക്കാതെ ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലേക്ക് തിരിച്ചു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം അദ്ദേഹം തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. തിരുവിതാംകൂർ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായി എ.കെ.പിള്ളയെ തിരഞ്ഞെടുത്തു. കോൺഗ്രസ് ആശയങ്ങൾ പ്രചരിപ്പിക്കാൻ അദ്ദേഹം ആരംഭിച്ച പത്രമാണ് 'സ്വരാട്'.

# ഉത്തരം കണ്ടെത്തുക

1. ടി.കെ.മാധവൻ 1915–ൽ ആരംഭിച്ച ദേശാഭിമാനിയുടെ പ്രസിദ്ധീകരണം നിലച്ച വർഷം
(എ) 1930 (ബി) 1928
(സി) 1940 (ഡി) 1942
2. ആലുവ അദ്വൈതാശ്രമത്തിന്റെ പ്രമാണ വാക്യം
(എ) അഹം ബ്രഹ്മാസ്മി



(ബി) ഓം സാഹോദര്യം സർവത്ര
(സി) തത്ത്വമസി
(ഡി) തമസോമ ജ്യോതിർഗമയ
3. മയ്യഴിയെ ഫ്രഞ്ചധീനതയിൽനിന്ന് മോചിപ്പിച്ച സംഘടന
(എ) ഇന്ത്യൻ നാഷണൽ കോൺഗ്രസ്
(ബി) കൊച്ചിരാജ്യ പ്രജാമണ്ഡലം
(സി) മാഹി മഹാജനസഭ
(ഡി) മാഹി നാഷണൽ കോൺഗ്രസ്
4. തിരുവിതാംകൂറിലെ ഏത് പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ് റവന്യൂ, ദേവസ്വം വകുപ്പുകൾ വിഭജിക്കപ്പെട്ടത്
(എ) പൗരസമത്വവാദ പ്രക്ഷോഭണം
(ബി) നിവർത്തന പ്രക്ഷോഭണം
(സി) വൈക്കം സത്യാഗ്രഹം
(ഡി) മലയാളി മെമ്മോറിയൽ
5. 1920–ൽ നടന്ന അവസാനത്തെ അഖില മലബാർ രാഷ്ട്രീയ സമ്മേളനത്തിന്റെ അധ്യക്ഷൻ
(എ) സി.പി.രാമസ്വാമി അയ്യർ



(ബി) കസ്തൂരി രങ്കയ്യങ്കാർ
(സി) ആനി ബസന്റ്
(ഡി) ജവാഹർലാൽ നെഹ്റു
6. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ആദ്യത്തെ ജോയിന്റ് സെക്രട്ടറി
(എ) കെ. മാധവൻ നായർ
(ബി) യു ഗോപാലമേനോൻ
(സി) മഞ്ചേരി രാമയ്യർ
(ഡി) കെ.കേളപ്പൻ
7. നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിക്ക് എത്ര ജില്ലാക്കമ്മിറ്റികളാണ് 1921–ൽ നിലവിൽ വന്നത്
(എ) 3 (ബി) 4
(സി) 5 (ഡി) 6
8. 1921 ഏപ്രിൽ 25–ന് ഖിലാഫത്ത് സംബന്ധമായി നടന്ന പ്രത്യേക സമ്മേളത്തിൽ അധ്യക്ഷത വഹിച്ചതാര്
(എ) വക്കം മൗലവി
(ബി) ഇ മൊയ്തു മൗലവി
(സി)സയ്യിദ് മുർതാസ സാഹിബ്ബ്
(ഡി) അബ്ദുറഹ്മാൻ സാഹിബ്ബ്
9. കോൺഗ്രസ് ആശയങ്ങൾ പ്രചരിപ്പിക്കാൻ സ്വരാട് എന്ന പത്രം ആരംഭിച്ചതാര്
(എ) കെ.ജി.ശങ്കർ
(ബി) പട്ടം താണുപിള്ള
(സി) ആർ.ശങ്കർ
(ഡി) എ.കെ.പിള്ള
10. മലയാള സാഹിത്യത്തിന്റെ വികാസത്തിൽ ആരു ചെലുത്തിയ സാധീനത്തെയാണ് 'രാജരാജന്റെ മാറ്റൊലി' എന്ന് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ചത്.
(എ) കുമാരനാശാൻ
(ബി) എ.ആർ.രാജരാജവർമ
(സി) കേരളവർമ വലിയകോയിത്തമ്പുരാൻ
(ഡി) രാജാ രവിവർമ
11. 1916–ൽ മലബാറിൽ സ്ഥാപിക്കപ്പെട്ട ഹോംറൂൾ ലീഗിന്റെ സെക്രട്ടറി ആരായിരുന്നു
(എ) മഞ്ചേരി രാമയ്യർ
(ബി) കെ.കേളപ്പൻ



(സി) കെ.പി.കേശവമേനോൻ
(ഡി) കെ.മാധവൻ നായർ
12. കോൺഗ്രസിന്റെയും ഹോംറൂൾ ലീഗിന്റെയും നേതൃത്വത്തിൽ നടന്ന ആദ്യത്തെ മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനത്തിന് വേദിയായത്
(എ) ഒറ്റപ്പാലം
(ബി) കോഴിക്കോട്
(സി) മഞ്ചേരി
(ഡി) പാലക്കാട്
13. 1917–ൽ കോഴിക്കോട്ടു ചേർന്ന രണ്ടാമത് മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്
(എ) വാസുദേവരാജ
(ബി) ആനി ബസന്റ്
(സി) കെ.പി.രാമൻ മേനോൻ
(ഡി) സി.പി.രാമസ്വാമി അയ്യർ
14. നായർ സർവീസ് സൊസൈറ്റിയുടെ സംഘടനാഘടന ആവിഷ്കരിച്ചത് ഏതിനെ അനുകരിച്ചാണ്? (21/2013)
(എ) എസ്.എൻ.ഡി.പി.
(ബി) സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി
(സി) യോഗക്ഷേമ സഭ
(ഡി) സാധുജന പരിപാലനയോഗം
15. വാഗൺ ട്രാജഡിയെക്കുറിച്ചന്വേഷിക്കാൻ മദ്രാസ് ഗവൺമെന്റ് നിയമിച്ച കമ്മിഷൻ
(എ) നേപ്പ് കമ്മിഷൻ
(ബി) ഹണ്ടർ കമ്മിഷൻ
(സി) സൈമൺ കമ്മിഷൻ
(ഡി) ബട്‌ലർ കമ്മിറ്റി
16. ശ്രീനാരായണഗുരു കാലടിയിൽ അദ്വൈതാശ്രമം സ്ഥാപിച്ച വർഷം? (57/2016/0)
(എ) 1913 (ബി) 1912
(സി) 1914 (ഡി) 1915
17. സമദർശി എവിടെനിന്നാണ് പ്രസിദ്ധീകരണം ആരംഭിച്ചത്? (50/2016/0)
(എ) കോഴിക്കോട് (ബി) കോട്ടയം
(സി) തൃശ്ശൂർ (ഡി) തിരുവനന്തപുരം
18. സഹോദര പ്രസ്ഥാനം ആരംഭിച്ച വർഷം: (49/2016/0)
(എ) 1924 (ബി) 1910
(സി) 1927 (ഡി) 1917
19. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യ പ്രസിഡന്റ്: (2/2016/0)
(എ) മന്നത്ത് പദ്മനാഭൻ
(ബി) ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള
(സി) കെ.കേളപ്പൻ
(ഡി) വൈക്കം രാമകൃഷ്ണപിള്ള
20. ദേശാഭിമാനി എന്ന പത്രത്തിന്റെ എഡിറ്ററായിരുന്നത്: (23/2015/0)
(എ) ടി.കെ.മാധവൻ
(ബി) സി.കൃഷ്ണൻ
(സി) എ.കെ.പിള്ള
(ഡി) കെ.കേളപ്പൻ
21. 1921–ൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി രൂപീകൃതമായപ്പോൾ പ്രസിഡന്റായത് :(189/2014)
(എ) കെ.മാധവൻ നായർ
(ബി) സി.ശങ്കരൻ നായർ
(സി) കെ.കേളപ്പൻ
(ഡി) കെ.പി.കേശവമേനോൻ
22. മന്നത്ത് പദ്മനാഭൻ നായർ സർവീസ് സൊസൈറ്റി സ്ഥാപിച്ചത്: (28/2015)
(എ) 1914 സെപ്തംബർ
(ബി) 1914 ഒക്ടോബർ
(സി) 1914 നവംബർ
(ഡി) 1914 ഡിസംബർ
23. ആലുവയിൽ പെരിയാറിന്റെ തീരത്ത് ഒരു സന്യാസമഠം (മൊണാസ്റ്ററി) സ്ഥാപിച്ചത്? (41/2015)
(എ) വൈകുണ്ഠ സ്വാമികൾ
(ബി) മന്നത്ത് പദ്മനാഭൻ
(സി) ശ്രീനാരായണഗുരു
(ഡി) ശിവാനന്ദ ശാസ്ത്രി
24. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ഒന്നാം അഖില കേരള രാഷ്ട്രീയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആരാണ്? (109/2015)
(എ) കെ.പി.കേശവമേനോൻ
(ബി) ടി.പ്രകാശം
(സി) ഡോ. ആനി ബെസന്റ്
(ഡി) സി.ശങ്കരൻനായർ
25. സഹോദര പ്രസ്ഥാനം ആരംഭിച്ചത്: (31/2014)
(എ) ടി.കെ.മാധവൻ
(ബി) സി. ശങ്കരൻ നായർ
(സി) മന്നത്ത് പത്മനാഭൻ
(ഡി) കെ.അയ്യപ്പൻ



**(പേജ് 14ൽ നിന്ന്)**

അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

(vi) 03.01.2013ലെ GO (P) No. 01/2013/SJD സർക്കാർ ഉത്തരവ് പ്രകാരം ഒഴിവുകളുടെ 3% ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. 3% ഭിന്നശേഷി സംവരണത്തിനു identify ചെയ്യാത്ത Blind ness/Low vision വിഭാഗത്തിലുള്ള ഭിന്നശേഷിക്കാർ ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്അപേക്ഷിക്കുവാൻഅർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1978നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** : യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : 1) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2) നീഡിൽ വർക്ക് ആന്റ് ഡ്രസ്സ് മെക്കിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ)

അല്ലെങ്കിൽ

ടെയിലറിംഗിലുള്ള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ)

അല്ലെങ്കിൽ

കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന 'ക്രാഫ്റ്റ്സിലുള്ള ഗ്രൂപ്പ് ഡിപ്ലോമ'

അല്ലെങ്കിൽ

ഇന്ത്യാ ഗവൺമെന്റ് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന കട്ടിംഗിലും ടെയിലറിംഗിലും ഉള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (ജി.ഒ(പി) നമ്പർ 106/82/ജന.എഡ്യൂ. തീയതി 29.07.1982)

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ (ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് മേക്കിംഗ്)

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ (ടെയിലറിംഗ് ആന്റ് എംബ്രോയിഡറി) (ജി.ഒ(പി) നമ്പർ 157/89/ജന.എഡ്യൂ. തീയതി 24.08.1989)

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻവൊക്കേഷണൽ ട്രേഡ്സ് നൽകുന്ന ഡ്രസ്സ് മേക്കിംഗിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ((ജി.ഒ(പി) നമ്പർ 501/97/ജന.എഡ്യൂ. തീയതി 18.12.1997)

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

**കുറിപ്പ്:** കെ.എസ് & എസ്. എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നി നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]-

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽനിന്നും ഒഴിവാക്കുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.സ്) നം 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70/ജഉ യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്** :മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 268/2018
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്) (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്) (തസ്തികമാറ്റം വഴി)

**3.ശമ്പളം** : Rs. 25,200–54000

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കൊല്ലം 2 (രണ്ട്)
എറണാകുളം 2 (രണ്ട്)
തൃശൂർ 1 (ഒന്ന്)
കണ്ണൂർ 1 (ഒന്ന്)
കാസർഗോഡ് 6 (ആറ്)

**കുറിപ്പ്:** ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ (approved Probationer) ആയിരിക്കണം.

iv) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതു വരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

v) ഈ വിഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തന്നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റ് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSRലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ** :

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ .

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ .സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം

**അല്ലെങ്കിൽ**

കേരള യുണിവേഴ്സിറ്റിയോ കാലിക്കറ്റ് യുണിവേഴ്സിറ്റിയോ നടത്തുന്ന അറബിപ്രവേശന പരീക്ഷ പാസ്സായിരിക്കണം

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2)കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

ബി) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്) പാസ്സായിരിക്കണം

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** :1) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

2) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളു.

3) KS&SSR Part I I Rule 10(a) ii ഈ തസ്തികക്ക് ബാധകമായിരിക്കും.

പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (സ.ഉ.(കൈ)നം. 134/2017/പൊ.വി.വ തീയതി 30.10.2017).

31.03.12 നു മുൻപ് സർവീസിൽപ്രവേശിച്ച പൊതു വിദ്യാഭ്യാസ

വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

സി) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫീസ് അറ്റൻഡന്റ് ആയോ അഞ്ച് വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** 1)മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്ത മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കൈവശം വെയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 269/2018
## യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) (തസ്തികമാറ്റം വഴി)
3. **ശമ്പളം** : ₹ 25200–54000/ –
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| 1. തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| 2. പത്തനംതിട്ട | കണക്കാക്കപ്പെട്ടിട്ടില്ല |
| 3. കോട്ടയം | കണക്കാക്കപ്പെട്ടിട്ടില്ല |
| 4 കണ്ണൂർ | കണക്കാക്കപ്പെട്ടിട്ടില്ല |
| 5. ഇടുക്കി | 01 |
| 6. പാലക്കാട് | 02 |
| 7. കോഴിക്കോട് | 05 |
| 8. കാസർഗോഡ് | 27 |
| 9. വയനാട് | 04 |

**കുറിപ്പ്:**(ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കണം.

(iv)ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.3.1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരികണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽനിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

5. **നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം.
6. **പ്രായം** : ബാധകമല്ല.
7. **യോഗ്യതകൾ** : (1)കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

(2) കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി പരീക്ഷ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും കൂടാതെ B.Ed/BT/LT യോഗ്യതയും നേടിയിരിക്കണം. (3)

കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ് /സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**പ്രത്യേക കുറിപ്പ്:**(i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക്അപേക്ഷിക്കാവുന്നതാണ്(സ.ഉ.(കൈ)നം. 134/2017/പൊ.വി.വ തീയതി 30.10.2017).

(iii)31.03.12 ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

(4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം. [2.01.2009 ലെ G.O (Ms) No 8/09 പൊ.വി.വ]

**കുറിപ്പ്:** (i)SSLCക്കു പാർട്ട് I ലോ പാർട്ട് II ലോ മലയാളം പഠിക്കാത്തതോ പഠന മാധ്യമം മലയാളം അല്ലാത്തതോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികക്ക് അപേക്ഷിക്കാൻ അർഹരല്ല (.GO Rt 534/2002/GEdn dtd.19.3.2002, GO MS no.44/75/ GEdn dtd.29.1.1975) സെക്കന്ററി/ഹയർ സെകന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. (സ.ഉ.(കൈ)നം.67/2018/പൊവിവ തീയതി 22.5.2018)

(ii) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ്സ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

NB: KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/ വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും, വിദ്യാഭ്യാസം യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 270/2018
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)
## വിദ്യാഭ്യാസം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)
3. **ശമ്പളം** : ₹25200–54000/
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ തൃശൂർ 1 (ഒന്ന്)

**കുറിപ്പ്:** (iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ഗവൺമെന്റ് ഓർഡർ (എം. എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം. എസ്) 4/61/ പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16. 03.1996 ലെ ജി.ഒ. (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റു ജില്ലകളിലേക്ക് സ്ഥലമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം
6. **പ്രായം** : 18–40 ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും.

കുറിപ്പ്:യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധിയി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.)

**7. യോഗ്യതകൾ :** 1) എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത. (GO (MS) No. : 232/2009/G.Edn തീയതി 30.11.2009)

2) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃത ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്തൃതം) പഠനത്തിലുള്ള ടൈറ്റിൽ.

**അല്ലെങ്കിൽ**

കേരള സർക്കാർ നൽകുന്ന സംസ്കൃത ഭാഷയിലുള്ള ഓറിയന്റൽ സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നടത്തുന്ന സംസ്കൃതത്തിലുള്ള പ്രലിമിനറി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്ന സംസ്കൃത കോളേജിൽ നിന്നുള്ള പ്രീ യൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷ കമ്മീഷണർ നടത്തുന്ന സംസ്കൃത ടീച്ചർ പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ആർട്സ് അല്ലെങ്കിൽ സയൻസ് കോളേജിൽ നിന്നും പ്രീഡിഗ്രി പരീക്ഷ, സംസ്കൃത സാഹിത്യവും സംസ്കൃത ശാസ്ത്രവും ഐശ്ചിക വിഷയങ്ങളായി പഠിച്ച് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്ന സംസ്കൃത സാഹിത്യം, സംസ്കൃത ശാസ്ത്രം, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നിവ കോമ്പിനേഷനായുള്ള പ്ലസ് 2 കോഴ്സ് പാസ്സായിരിക്കണം. (സ.ഉ. (എം.എസ്.) നം.: 155/2007 പൊ.വി.വ തീയതി 17.08. 2007)

3. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ ടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ് /നെറ്റ് / സെറ്റ് /എം.ഫിൽ/പി.എച്ച്.ഡി./എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G. Edn. തീയതി 08.12.2016)

**കുറിപ്പ്:** 1) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം. ഫിൽ

യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

2) കെ.എസ്. & എസ്. എസ്. ആർ. റൂൾ 10 a (ii) ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമനങ്ങൾക്ക് വിധേയമായി 12.02.1970 ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.2978 ലെ ജി.ഒ (എം. എസ്) നമ്പർ 9/78/ ജി. എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ല് മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ ജി. ഓ. (എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ (എം.എസ്) നമ്പർ 614/ 65/എഡ്യൂ തീയതി 09.11.1965 , ജി.ഒ. (എം. എസ്.) നമ്പർ 243/66/ എഡ്യൂ. തീയതി 27.05.1966.

ii)ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975).

(iii) സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ (എം.എസ്) നം. 315/62 എഡ്യൂ തീയതി 14.05.62)

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടിത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ:271/2018
## യു.പി. സ്കൂൾ അസിസ്റ്റന്റ്
## (തമിഴ് മാധ്യമം)
## വിദ്യാഭ്യാസ വകുപ്പ്

1 **വകുപ്പ്** : വിദ്യാഭ്യാസ വകുപ്പ്
2 **ഉദ്യോഗപ്പേര്** : യു പി. സ്ക്കൂൾ അസിസ്റ്റന്റ് (തമിഴ് മാധ്യമം)
3 **ശമ്പളം** : ₹ 25200–54000/–
4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി – 5 (അഞ്ച്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നുവർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ, ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേയ്ക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷാ ഫാറത്തിൽ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി. ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) 03.01.2013ലെ GO (P) No. 01/2013/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഒഴിവുകളുടെ 3% വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു. Hearing Impairment വിഭാഗത്തിലുള്ള ഭിന്നശേഷിക്കാർ ഈ തസ്തികയിലേയ്ക്കുള്ള 3% സംവരണ നിയമനത്തിന് identify ചെയ്തിട്ടില്ലാത്തതിനാൽ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1978 നും 01/01/2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. **യോഗ്യതകൾ** : 1) കേരള ഗവൺമെന്റിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷാബോർഡ് നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും കൂടാതെ ബി.എഡ്./ബി.റ്റ്./എൽ.റ്റി.(തമിഴ്) യോഗ്യതയും നേടിയിരിക്കണം.

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി.ടെറ്റ്/നെറ്റ് /സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** : (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) കേരളത്തിൽ നിന്നുള്ള ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെയും ബി.എഡ്.(തമിഴ്) ബിരുദക്കാരുടെയും അഭാവത്തിൽ തമിഴ്നാട് സർക്കാർ നൽകുന്ന ടി.ടി.സി (തമിഴ്)യോഗ്യതയോ തമിഴ്നാട് സർക്കാർ നൽകുന്ന ടീച്ചർ എഡ്യൂക്കേഷൻ ഡിപ്ലോമ (റഗുലർ) യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

(iii) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ എഴുതേണ്ടതാണ്.

(iv) കെ.എസ് & എസ്. എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21/01/1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേ തുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ. തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05. 1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിൽ മുൻ ഗണന ലഭിക്കുവാൻ അർഹതയുണ്ടോ?' എന്നതിന് 'ഉണ്ട്' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തുകയും തുടർന്ന് മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975, ജി.ഒ. (എം.എസ്) നമ്പർ 50/70/പി.ഡി തീയതി 12.02.1970).

(iii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്ക്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റഡൻമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ജി.ഒ.(എം.എസ്)നം. 315/62 എഡ്യു.തീയതി14.05.62)

**കുറിപ്പ്** : താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽനിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായ പരിധി (അൻപത്) വയസ്സ് കവിയാൻ പാടില്ല. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക)

## കാറ്റഗറി നമ്പർ:272/2018
## എൽ.പി. സ്കൂൾ അസിസ്റ്റന്റ്
## (തമിഴ് മാധ്യമം)
## വിദ്യാഭ്യാസ വകുപ്പ്

1 **വകുപ്പ്** : വിദ്യാഭ്യാസ വകുപ്പ്
2 **ഉദ്യോഗപ്പേര്** : എൽ.പി. സ്ക്കൂൾ അസിസ്റ്റന്റ് (തമിഴ് മാധ്യമം)
3 **ശമ്പളം** : ₹ 25200–54000/–
4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി 12 (പന്ത്രണ്ട്)
തൃശ്ശൂർ 01 (ഒന്ന്)
പാലക്കാട് 02 (രണ്ട്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവുംഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ, ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലകളിൽ ഏതെങ്കിലും ഒരു ജില്ലയിലേയ്ക്കുമാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷാ ഫാറത്തിൽ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി. ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) 03.01.2013ലെ GO (P) No. 01/2013/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഒഴിവുകളുടെ 3% ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. ഈ തസ്തികക്ക് 3% ഭിന്നശേഷി സംവരണ നിയമനത്തിന് അനുയോജ്യമല്ലാത്ത Hearing Impairment വിഭാഗത്തിൽപെട്ടവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ അർഹരല്ല .

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1978 നും 01/01/2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു

വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : 1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷാബോർഡ് നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായിരിക്കണം

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി.ടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** : (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) കേരളത്തിൽ നിന്നുള്ള ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ തമിഴ്നാട് സർക്കാർ നൽകുന്ന ടി.ടി..സി (തമിഴ്) യോഗ്യതയോ തമിഴ്നാട് സർക്കാർ നൽകുന്ന ടീച്ചർ എഡ്യൂക്കേഷൻ ഡിപ്ലോമ (റഗുലർ) യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

(iii) ബി.എഡ്. ടി.ടി.സി. ക്ക് പകര യോഗ്യതയായി കണക്കാക്കുന്നതല്ല.

(iv) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്.

(v) കെ.എസ് & എസ്.എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗനിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21/01/1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ. തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിൽ മുൻ ഗണന ലഭിക്കുവാൻ അർഹതയുണ്ടോ?' എന്നതിന് 'ഉണ്ട്' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തുകയും തുടർന്ന് മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975, ജി.ഒ. (എം.എസ്) നമ്പർ 50/70/പി.ഡി തീയതി 12.02.1970).

(iii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്ക്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റഡൻമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ജി.ഒ.(എം.എസ്) നം . 315/62 എഡ്യു.തീയതി 14.05.62)

**കുറിപ്പ് :** മുകളിൽ പറഞ്ഞതോ താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായ പരിധി (അൻപത്) വയസ്സ് കവിയാൻ പാടില്ല. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക)

## കാറ്റഗറി നമ്പർ: 273/2018
## എൽ.പി. സ്കൂൾ അസിസ്റ്റന്റ് (തമിഴ് മാധ്യമം) (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : എൽ.പി സ്ക്കൂൾ അസിസ്റ്റന്റ് (തമിഴ്) (തസ്തികമാറ്റം വഴി)

**3. ശമ്പളം** : ₹ 25200–54000/–

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി 01 (ഒന്ന്)

(i) തസ്തികമാറ്റം വഴി നിയമനത്തിനായി നീക്കിവക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയ്ക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലയെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.3.1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ** : 1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

കൂടാതെ

2) കേരള സർക്കാർ പരീക്ഷ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി (തമിഴ്) പരീക്ഷ പാസ്സായിരിക്കണം

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No.145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക്അപേക്ഷിക്കാവുന്നതാണ്(സ.ഉ.(കൈ)നം. 134/2017/പൊ.വി.വ തീയതി 30.10.2017).

iii) 31.03.12 ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല

4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**പ്രത്യേക കുറിപ്പ്**

i) ടിടിസിക്ക് പകരമായി B.Ed യോഗ്യത സ്വീകരിക്കുന്നതല്ല.

ii) കേരളത്തിൽ നിന്നുള്ള ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ തമിഴ്നാട് സർക്കാർ നൽകുന്ന ടി.ടി.സി (തമിഴ്) യോഗ്യതയോ തമിഴ്നാട് സർക്കാർ നൽകുന്ന ടീച്ചർ എഡ്യൂക്കേഷൻ ഡിപ്ലോമ (റഗുലർ) യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

(iii) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ്സ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്.

**കുറിപ്പ്** KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**കുറിപ്പ്** :മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. **(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 274/2018
## കന്നഡ ട്രാൻസ്ലേറ്റർ
## നീതിന്യായ വകുപ് (ക്രിമിനൽ വിഭാഗം)

**1. വകുപ്പ്** : നീതിന്യായ വകുപ്പ് (ക്രിമിനൽ വിഭാഗം)

**2. ഉദ്യോഗപ്പേര്** : കന്നഡ ട്രാൻസ്ലേറ്റർ

**3. ശമ്പളം** : ₹ 25200–54000/ –

**4. ഒഴിവുകൾ** : ജില്ലാടിസ്ഥാനത്തിൽ
കാസർഗോഡ് 01 (ഒന്ന്)

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും, അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടാ

യിരിക്കും.

കുറിപ്പ്: യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക

**7. യോഗ്യതകൾ** : (a) ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബി.എ/ബി.എസ്.സി/ ബി.കോം ബിരുദം.

(b) ഉദ്യോഗാർത്ഥികൾ പാർട്ട് രണ്ടിലോ മൂന്നിലോ കന്നഡ ഭാഷ ഒരു വിഷയമായെടുത്ത് ബിരുദം നേടിയിട്ടുള്ളവരായിരിക്കണം. മേൽപ്പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരുടെ അഭാവത്തിൽ കന്നഡ ഭാഷ ഒരു വിഷയമായെടുത്ത് എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിട്ടുള്ളവരെയും പ്രസ്തുത ഉദ്യോഗത്തിന് പരിഗണിക്കുന്നതാണ്.

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾക്ക് കന്നഡ ഭാഷ ഇംഗ്ലീഷിലേക്കും മലയാളത്തിലേക്കും തർജ്ജിമ ചെയ്യുന്നതിനുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് ഒരു പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

**കുറിപ്പ്:** i) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

iii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 275/2018
## ഫാർമസിസ്റ്റ് ഗ്രേഡ് II
## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

**1. വകുപ്പ്** : ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II
**3. ശമ്പളം** : ₹ 22,200–48,000/
**3. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ആലപ്പുഴ 01 (ഒന്ന്)

**കുറിപ്പ്:** 2. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (MS)154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (M.S)4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

3. ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും , അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

5. 01.01.1999ലെ G.O(P)No.01/99/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3%(മൂന്ന് ശതമാനം) ഒഴിവുകൾ ചലനവൈകല്യമുള്ളവർ/സെറിബ്രൽ പൾസി ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Hearing Impairment, Blindness or Low Visionവിഭാഗത്തിലുള്ള ഭിന്നശേഷിക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**4. നിയമനരീതി** : നേരിട്ടുള്ള നിയമനം
**5. പ്രായം** : 18–36

ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും

(**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :**

**പൊതുയോഗ്യത**: SSLC ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.

**സാങ്കേതിക യോഗ്യത:** I ഫാർമസിയിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

II കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ.

**കുറിപ്പ്:** KS&SSR Part II se Rule 10(a) (ii)ബാധകമാണ്.

## കാറ്റഗറി നമ്പർ:276/2018
## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II
## ഗ്രാമ വികസനം

**1. വകുപ്പ്** : ഗ്രാമ വികസനം
**2. ഉദ്യോഗപ്പേര്** : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II
**3. ശമ്പളം** : ₹ 20,000 – 45,800/–
**4. ഒഴിവുകൾ** : ജില്ലാടിസ്ഥാനത്തിൽ

1) തിരുവനന്തപുരം
2) കൊല്ലം
3) പത്തനംതിട്ട
4) കോട്ടയം
5) ഇടുക്കി
6) ആലപ്പുഴ
7) എറണാകുളം
8) തൃശ്ശൂർ
9) പാലക്കാട്
10) മലപ്പുറം
11) കോഴിക്കോട്
12) വയനാട്
13) കണ്ണൂർ
14) കാസർഗോഡ്

} കണക്കാക്കപ്പെട്ടിട്ടില്ല

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ഒരു ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റുകൽ തയ്യാറാക്കുന്നതായിരിക്കും, അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി.ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv) 3.1.2013 ലെ ജി.ഒ. (പി) 1/13/എസ്.ജെ.ഡി പ്രകാരം ഈ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈകല്യമുള്ളവർ, കുറഞ്ഞ കാഴ്ചയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ OTR പ്രൊഫൈലിൽ ഭിന്നശേഷി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) 100 ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 01, 34, 67 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ്/സപ്ലിമെന്ററി ലിസ്റ്റ്/ഭിന്നശേഷി ഉള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽനിന്നും നിയമന ശുപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡർ 18 (iii) പ്രകാരം നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 19–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.1999 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : കുറഞ്ഞത് 40% മാർക്കോടു കൂടി എസ്.എസ്.എൽ.സി പാസ്സായിരിക്കുകയോ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കുകയോ വേണം. എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

**കുറിപ്പ്:** a) ഈ തസ്തികയിൽ നിയമനം ലഭിക്കുന്നവരുടെ തുടർച്ചയായിട്ടുള്ള മൂന്നുവർഷ സേവനത്തിൽ (ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ) രണ്ടു വർഷക്കാലം പ്രൊബേഷനായി പരിഗണിക്കുന്നതാണ്.

b) ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരെ കേരളത്തിലെ ഏതെങ്കിലും ഒരു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ 6 (ആറ്) മാസത്തെ പരിശീലനത്തിനായി നിയോഗിക്കുന്നതാണ്. പരിശീലന കാലത്ത് അവരുടെ സ്വഭാവം തൃപ്തികരമല്ല എന്ന് കാണുകയോ കാര്യക്ഷമത ഇല്ലായ്മ ബോധ്യപ്പെടുകയോ ചെയ്താൽ അവർ പിരിച്ചയക്കപ്പെടുന്നതാണ്. പരിശീലനകാലം തൃപ്തികരമായി പൂർത്തിയാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥികളെ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുകയുള്ളൂ. പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന അഡ്വൈസ് ലിസ്റ്റിലെ ക്രമത്തിലായിരിക്കും തെരഞ്ഞെടുക്കപ്പെടുന്നവരുടെ റാങ്കും, സീനിയോരിറ്റിയും നിശ്ചയിക്കുന്നത്. എന്നാൽ പരിശീലനത്തിനുശേഷം ആദ്യത്തെ അവസരത്തിൽ പാസ്സാകാതിരിക്കുന്നവരുടെ റാങ്കും സീനിയോരിറ്റിയും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശിപാർശ ചെയ്യുന്ന തീയതിയുടെയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന തീയതിയുടെയും അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതാണ്. പരിശീലന കാലം പ്രൊബേഷൻ കണക്കാക്കുന്നതല്ല.

c) ഈ തസ്തികയിൽ നിയമനം ലഭിക്കുന്നവർ പരിശീലനത്തിനുശേഷം മൂന്ന് വർഷം സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ സേവനമനുഷ്ഠിച്ചുകൊള്ളാമെന്നും മേൽപ്പറഞ്ഞ കരാർ ലംഘിക്കുന്ന പക്ഷം പരിശീലന കാലത്ത് തനിക്കുവേണ്ടി ചെലവായ തുകയ്ക്കു പുറമേ 1000/ രൂപ ഗവൺമെന്റിന് നഷ്ടപരിഹാരം നൽകാൻ തയ്യാറാണെന്നും കാണിക്കുന്ന ഒരു പ്രതിജ്ഞാപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ബോണ്ടിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും കേന്ദ്ര ഗവൺമെന്റ് സർവ്വീസിലേയ്ക്കോ പൂർണ്ണമായോ ഭാഗികമായോ ഭാരത സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ സാമ്പത്തിക സഹായത്തിലോ നിയന്ത്രണത്തിലോ ഉള്ള സംഘടനകളിലേക്കോ ജോലി സ്വീകരിച്ച് പോകുന്നവർക്ക് നിർബന്ധമില്ല.

d) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കിയാൽ മാത്രമേ ആയത് തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.

e) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ:277/2018
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## വിവിധം
## (നേരിട്ടുള്ള നിയമനം)

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
**3. ശമ്പളം** : ₹ 20,000 – 45,800/–
**4. ഒഴിവുകൾ** : ജില്ലാടിസ്ഥാനത്തിൽ

1) തിരുവന്തപുരം
2) കൊല്ലം — കണക്കാക്കപ്പെട്ടിട്ടില്ല.
3) പത്തനംതിട്ട
4) കോട്ടയം
5) ഇടുക്കി — 02 (രണ്ട്)
6) ആലപ്പുഴ
7) എറണാകുളം
8) തൃശ്ശൂർ
9) പാലക്കാട്
10) മലപ്പുറം
11) കോഴിക്കോട്
12) വയനാട്
13) കണ്ണൂർ
14) കാസർഗോഡ്

} (6–14) കണക്കാക്കപ്പെട്ടിട്ടില്ല.

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ഒരു ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതായിരിക്കും, അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാ

ബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv) 03.1.2013 ലെ ജി.ഒ. (പി) 1/13/എസ്.ജെ.ഡി പ്രകാരം ഈ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈകല്യമുള്ളവർ, കുറഞ്ഞ കാഴ്ചയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ OTR പ്രൊഫൈലിൽ ഭിന്നശേഷി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) 100 ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 01, 34, 67 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ് /സപ്ലിമെന്ററി ലിസ്റ്റ്/ഭിന്നശേഷി ഉള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽനിന്നും നിയമന ശുപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡർ 18 (iii) പ്രകാരം നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക

**7. യോഗ്യതകൾ** : (1) പ്ലസ് ടു വിജയം അല്ലെങ്കിൽ തത്തുല്യം.

(2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും.

**കുറിപ്പ്** 2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് അപേക്ഷ അയയ്ക്കുന്ന അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

(3) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യം.

(4) ഇംഗ്ലീഷ് ചുരുക്കെഴുത്തിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

(5) മലയാളം ചുരുക്കെഴുത്തിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

[01.07.2011ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി].

(ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളും ഐ.എം.സി സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല).

**കുറിപ്പ്:** (a) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിനു തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(b) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.

(c) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

(d) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 278/2018
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## വിവിധം
## (തസ്തികമാറ്റം വഴിയുള്ള നിയമനം)

**1. വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

**3. ശമ്പളം** : ₹20,000 – 45,800/

**4. ഒഴിവുകൾ** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| 1)തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| 2) കൊല്ലം | |
| 3) പത്തനംതിട്ട | |
| 4) കോട്ടയം | |
| 5) ഇടുക്കി | |
| 6) ആലപ്പുഴ | |
| 7) എറണാകുളം | |
| 8) തൃശ്ശൂർ | |
| 9) പാലക്കാട് | |
| 10) മലപ്പുറം | |
| 11) കോഴിക്കോട് | |
| 12) വയനാട് | |
| 13) കണ്ണൂർ | |
| 14) കാസർഗോഡ് | |

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം

(സർക്കാർ സർവ്വീസിൽ താഴ്ന്ന ശമ്പളമുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നു മാത്രം).

കേരള സംസ്ഥാന സർവ്വീസിൽ വിവിധ വകുപ്പുകളിൽ 20000–45800/ ശമ്പള നിരക്കിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 2% (രണ്ടു ശതമാനം) 12.03.1990 ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 4/90 പി.ആന്റ്.എ.ആർ.ഡി പ്രകാരം സംസ്ഥാന സബോർഡിനേറ്റ് സർവ്വീസുകളിൽ (ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ഉൾപ്പെടെ) ഉൾപ്പെട്ട താഴ്ന്ന ശമ്പളമുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്കു വേണ്ടി മാറ്റിവച്ചിരിക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നിയമനം ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ അപേക്ഷകൾ ഏതു ജില്ലയിൽ നിയമനം ലഭിക്കുവാൻ ആഗ്രഹിക്കുന്നുവോ ആ ജില്ലയിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്** :(I) കേരള ഗവൺമെന്റ് സബോർഡിനേറ്റ് സർവ്വീസുകളിൽ (ലാസ്റ്റ് ഗ്രേഡ് സർവീസ് ഉൾപ്പെടെ) 20000–45800/ രൂപയിൽ താഴെ ശമ്പളനിരക്കിലുള്ള തസ്തികകളിൽ ജോലിയിൽ ഇരിക്കുന്ന ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയയ്ക്കുന്ന തീയതിയിൽ അവർ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തിയായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ സർവ്വീസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് ഈ വിജ്ഞാപനത്തിന്റെ ഒന്നാം അനുബന്ധമായി കാണിച്ചിരിക്കുന്ന ഫാറത്തിൽ ശരിയായി പൂരിപ്പിച്ച് ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് ഈ വിജ്ഞാപനമനുസരിച്ച് അപേക്ഷ അയയ്ക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

II) ഉദ്യോഗാർത്ഥികൾ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിജപ്പെടുത്തിയിട്ടുള്ള പരീക്ഷായോഗ്യതകൾ നേടിയവരായിരിക്കണം.

**6. യോഗ്യതകൾ** : (1) പ്ലസ് ടു വിജയം അല്ലെങ്കിൽ തത്തുല്യം.

(2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും. [G.O(P)No.19/04/P&ARD dated 08.12.2011]

**കുറിപ്പ്** 2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് അപേക്ഷ അയയ്ക്കുന്ന അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

(3) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യം.

(4) ഇംഗ്ലീഷ് ചുരുക്കെഴുത്തിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

(5) മലയാളം ചുരുക്കെഴുത്തിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

(01.07.2011ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി).

(ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളും ഐ.എം.സി സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല).

കുറിപ്പ്: (a) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിനു തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(b) സർവ്വീസിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികളായതിനാൽ ഇവരെ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(d) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

(e) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

III) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റുകൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്. കമ്മീഷൻ നടത്തുന്ന പരീക്ഷയിൽ 40 % ൽ കുറയാതെ മാർക്ക് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾ തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളവരാണ്. ജില്ലാ ആഫീസുകളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ 2% ഒഴിവുകളിലേക്ക് സർവ്വീസിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ രണ്ടാം വിഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. മുകളിൽപറഞ്ഞ 2% ഒഴിവുകൾ നികത്താൻ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്ന പക്ഷം ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. തസ്തികമാറ്റം മുഖേനയുള്ള റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കാലം മുഴുവൻ പേരെയും നിയമനശിപാർശ ചെയ്യപ്പെടാതെവരുന്ന പക്ഷം ടി ഉദ്യോഗാർത്ഥികളെ ഈ തസ്തികയ്ക്ക് പിന്നീട് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ സീനിയോറിറ്റിയോ സർവ്വീസ് ദൈർഘ്യമോ പരിഗണിക്കാതെ ഉയർന്ന റാങ്കുകാരായി ഉൾക്കൊള്ളിക്കുന്നതും അതിൻപ്രകാരം നിയമനശിപാർശ നൽകുന്നതുമായിരിക്കും. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ പ്രസ്തുത ജില്ലയിലേയ്ക്കുള്ള ഒഴിവുകളിലേയ്ക്കും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേയ്ക്കും ഉള്ള നിയമനത്തിന് പരിഗണിക്കുന്നതായിരിക്കും.

IV) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

V) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ഒരു ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 279/2018
## ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് –II
## ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം

**2. ഉദ്യോഗപ്പേര്** : ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II

**3. ശമ്പളം** : ₹ 19000–43600/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| മലപ്പുറം | 02 (രണ്ട്) |
| കൊല്ലം | 01 (ഒന്ന്) |
| കോഴിക്കോട് | 01 (ഒന്ന്) |
| കോട്ടയം | 01 (ഒന്ന്) |

**നോട്ട് :** (i) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്) 154/71/ പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക്

ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭി ക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിട യ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നത ല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാ റ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്) 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇ തേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കുവാൻ അർഹതയി ല്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണി ക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അ പേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമാ യി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാ ൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരു പാധികം നിരസിക്കപ്പെടുന്നതാണ്. അവരുടെമേൽ അച്ചടക്ക നട പടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർ ഗ്ഗ വിഭാഗത്തിലുള്ളവർക്കും 110നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50(അ ൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയ മായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആ നുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2)നോക്കുക.

**7. യോഗ്യതകൾ : 1) ജനറൽ:** പ്രീഡിഗ്രി അഥവാ ഹയർ സെക്കണ്ടറി കോഴ്സ് (+2) പാസ്സായിരിക്കണം.

**2)സാങ്കേതികം :** റ്റി.ബി. അസോസിയേഷൻ ഓഫ് ഇൻഡ്യ, ന്യൂ ഡൽഹി നടത്തുന്ന റ്റി.ബി.ഹെൽത്ത് വിസിറ്റേഴ്സ് കോഴ്സ് പാ സായിരിക്കണം. അല്ലെങ്കിൽ കേരളാ ഗവൺമെന്റ് അംഗീകരിച്ച തത്തുല്യമായ മറ്റേതെങ്കിലും യോഗ്യത.

**കുറിപ്പ് :-** (i) മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അ ഭാവത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ സർട്ടിഫിക്കറ്റ് (സയൻസ് വിഷയങ്ങളിൽ) നേടിയിട്ടുള്ളവരെ തിരഞ്ഞെടുക്കുകയും അവർ ക്ക് തിരുവനന്തപുരം സ്റ്റേറ്റ് റ്റി.ബി സെന്ററിൽ 6മാസത്തെ പരിശീല നം നല്കുന്നതുമായിരിക്കും. പരിശീലന കാലയളവ് പ്രൊബേഷ നോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. പക്ഷേ ഇങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ ക്ഷയരോഗ സംബന്ധമായ പരിപാടികളിൽ ട്രീ റ്റ്മെന്റ് ഓർഗൈസറായി 10വർഷത്തേയ്ക്ക് സേവനം ചെയ്തുകൊ ള്ളാമെന്ന കരാറിൽ ഏർപ്പെടേണ്ടതും സ്റ്റൈപ്പന്റായി 6മാസത്തേ യ്ക്ക് 2480/ രൂപ ലഭിക്കുന്നതുമാണ്. ബോണ്ടു തുകയായി 2480/ രൂ പയും നാശനഷ്ടങ്ങൾക്കായി 1240/ രൂപയും ഈടാക്കുന്നതാണ്.

(ii) പ്രോബേഷൻ :ഈ തസ്തികയിൽ നിയമനം ലഭിക്കുന്നവരു ടെ തുടർച്ചയായുള്ള മൂന്നുവർഷത്തെ സേവനത്തിൽ ഉദ്യോഗ ത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തെ ഡ്യൂ ട്ടി പ്രൊബേഷനായി പരിഗണിക്കുന്നതാണ്.

**കുറിപ്പ് :** (i) യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

## കാറ്റഗറി നമ്പർ: 280/2018
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## വിവിധം
## പാർട്ട് I നേരിട്ടുള്ള നിയമനം

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
**3. ശമ്പളം** : ₹ 19000–43600/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

1. തിരുവനന്തപുരം
2. കൊല്ലം
3. പത്തനംതിട്ട
4. ആലപ്പുഴ
5. കോട്ടയം
6. ഇടുക്കി
7. എറണാകുളം
8. തൃശ്ശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസർഗോഡ്

} കണക്കാക്കപ്പെട്ടിട്ടില്ല

**കുറിപ്പ് :** (i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേ കം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാ ക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മു തൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന്ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാ ബല്യമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലി രിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങ നെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെ യെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോ ഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതു മാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടു തൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നി മിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാന ത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്ര ത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടി സ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏ തെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തു ടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർ ഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാ റ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കി ലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്ത രവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പു സ്ഥലം മാറ്റങ്ങളുടെ കാ ര്യത്തിൽ 06.02.2013 ലെ ജി. ഒ. (പി) നം. 5/2013/ഉ.ഭ.പ.വ. എന്ന സർ ക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി) 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാ ട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നി ബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളി ലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കു ന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒ രിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

(iv) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേ ക്കും നിയമന ശുപാർശ നടത്തുന്നതാണ്. 27.05.1971 ലെ ജി.ഒ. (എം.എസ്.) 154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാ ന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാ അടിസ്ഥാനത്തിൽ തിരു വനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നി യമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 26.9.1980 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 442/80/പൊ.ഭ.വ അനുസരിച്ച് മറ്റ് ജി ല്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും.

(vi) 03.1.2013 ലെ ജി.ഒ. (പി) 1/13/എസ്.ജെ.ഡി പ്രകാരം ഈ തസ് തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈ കല്യമുള്ളവർ, കുറഞ്ഞ കാഴ്ചയുള്ളവർ എന്നീ വിഭാഗത്തിൽപ്പെ ടുന്ന ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെച്ചിരി ക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാ ക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ OTR പ്രൊഫൈ ലിൽ ഭിന്നശേഷി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖ പ്പെടുത്തിയിരിക്കണം) 100 ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 01, 34, 67 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമ ന ശുപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥി കൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെ യിൻ ലിസ്റ്റ്/സപ്ലിമെന്ററി ലിസ്റ്റ്/ഭിന്നശേഷി ഉള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽനിന്നും നിയമന ശു പാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും കേ രള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡർ 18 (iii) പ്രകാരം നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥ കൾ പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(vi) കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നുള്ള എൽ. ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനവും ഈ വിജ്ഞാ പനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തു ന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01. 1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെ ട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നി യമാനുസൃത വയസ്സിളവുണ്ടായിരിക്കും).

**നോട്ട്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അ ൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയ മായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആ നുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. യോഗ്യതകൾ : (1) എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യം.

(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യം.

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫി ക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും.

2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് യോ ഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് അപേക്ഷ അയ യ്ക്കുന്ന അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.(01.07. 2011 ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി). എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയ തിയ്ക്ക് മുൻപ് നേടിയിരിക്കണം.

**കുറിപ്പ്:** (a) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസി കളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂ ന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയ കരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് തത്തുല്യ യോഗ്യത യായി പരിഗണിക്കുന്നതാണ്. കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിന് തത്തുല്യമായി മേൽ വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കുവാൻ ഇ തിനോടകം തീരുമാനമായിട്ടുള്ള യോഗ്യതകൾ സംബന്ധിച്ച വി ശദാംശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗി ക വെബ്സൈറ്റിലും പി.എസ്.സി ബുള്ളറ്റിനിലും ലഭ്യമാക്കിയി ട്ടുണ്ട്. ആയതിൽപെടാത്ത യോഗ്യതകൾ ഉദ്യോഗാർത്ഥികൾ ഹാ ജരാക്കുന്നപക്ഷം ടി യോഗ്യതകളുടെ സ്വീകാര്യത സംബന്ധിച്ച് പിന്നീട് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. ടി യോഗ്യത കൾ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് തെളിയി ക്കുന്ന രേഖകൾ കൂടി യോഗ്യതാ പ്രമാണങ്ങൾ ഹാജരാക്കുന്ന അവസരത്തിൽ ആയവയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്.

(b) ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അ പേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടൻമാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യ ത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാ ണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് പ്രസ് തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

(c) പ്രതിരോധസേനയിൽ ക്ലാർക്ക്/റൈട്ടർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗ വൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതി യായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്.

(d) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂ ട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), ക്ലാർക്ക് (എ.ഒ.സി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർ ക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ, പ്രതിരോധ സേ നയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടൻമാർക്ക് ഈ തസ്തിക യിലേക്ക് അപേക്ഷിക്കാവുന്നതാണ്. [18.5.1977 ലെ ജി.ഒ.(പി) 143/ 77/ജി.എ.ഡി, 6.1.1979 ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി, 30. 4.1986 ലെ ജി.ഒ. (പി) നമ്പർ 143/86/ജി.എ.ഡി.]. എന്നാൽ 15 വർ ഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുതകാലയളവിന് വെയിറ്റേജ് നൽ കുന്നതല്ല.

(e) 11.5.1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി യിലെ വ്യവ സ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മല യാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടു ത്തിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മ ലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടി ല്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന തിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയി ക്കേണ്ടതാണ്.

(f) ടൈപ്പ്റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവ ൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരി ക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭി ക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

(g)തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്ത രവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെ ടുമ്പോഴോ ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തു ല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.

(h) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 281/2018
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## (തസ്തികമാറ്റം വഴി)
## വിവിധം
## പാർട്ട് II (തസ്തികമാറ്റം വഴി)

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (തസ്തികമാറ്റം വഴി)
**3. ശമ്പളം** : ₹19000–43600/
**4. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം (സർക്കാർ സർവ്വീസിൽ താഴ്ന്ന ശമ്പളമുള്ള തസ്തികകളിൽ സേ വനമനുഷ്ഠിക്കുന്നവരിൽ നിന്നു മാത്രം)
**5. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി വിജയം അ ല്ലെങ്കിൽ തത്തുല്യം.

(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്

(കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യം.

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും.

2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് അപേക്ഷ അയയ്ക്കുന്ന അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം. (01.07.2011 ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി ).

എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

**കുറിപ്പ്:** i) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്. കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിന് തത്തുല്യമായി സ്വീകരിക്കുവാൻ ഇതിനോടകം തീരുമാനമായിട്ടുള്ള യോഗ്യതകൾ സംബന്ധിച്ച വിശദാംശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.ആയതിനാൽ ടി യോഗ്യതകളിൽ ഉൾപ്പെടാത്ത യോഗ്യതകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്നപക്ഷം ആയവയുടെ സ്വീകാര്യത സംബന്ധിച്ച് പിന്നീട് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. പ്രസ്തുത യോഗ്യതകൾ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് തെളിയിക്കുന്ന രേഖകൾകൂടി യോഗ്യതാ പ്രമാണങ്ങൾ ഹാജരാക്കുന്ന അവസരത്തിൽ ആയവയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്.

ii) കേരള സർക്കാർ സബോർഡിനേറ്റ് സർവ്വീസിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പത്ത് ശതമാനം (10%) ഒഴിവുകൾ കേരള ഗവൺമെന്റ് 2010 ഏപ്രിൽ 5–ാം തീയതി പുറപ്പെടുവിച്ച ജി.ഒ. (പി) 12/2010 പി. ആന്റ്.എ.ആർ.ഡി എന്ന ഉത്തരവു പ്രകാരം സബോർഡിനേറ്റ് സർവ്വീസുകളിൽ 19000–43600/ ൽ താഴെ ശമ്പളമുള്ള ജോലികളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ അയയ്ക്കുന്ന തീയതിയിൽ അവർ പാർട്ട് ടൈം കണ്ടിജൻറ് സർവ്വീസ് ഉൾപ്പെടെ കേരള സർക്കാരിലെ ഏതെങ്കിലും ഒരു സബോർഡിനേറ്റ് സർവ്വീസിലെ പൂർണ്ണ അംഗമോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്.ഉദ്യോഗാർത്ഥിയുടെ സർവ്വീസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഒന്നാം അനുബന്ധമായി കാണിച്ചിട്ടുള്ള ഫാറത്തിൽ ശരിയായി പൂരിപ്പിച്ച് ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ മറ്റു വിധത്തിലോ നിയമിക്കപ്പെട്ട താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷ അയയ്ക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

iv) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഈ രണ്ടു വിഭാഗത്തിലുമുള്ള അപേക്ഷകൾക്ക് ഒരേ ജില്ല തന്നെ തെരഞ്ഞെടുക്കണമെന്നില്ല. എന്നാൽ ഒരേ ജില്ലയിലേയ്ക്കോ വ്യത്യസ്ത ജില്ലകളിലേയ്ക്കോ ഇപ്രകാരം അപേക്ഷ അയക്കുന്നവർ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷകൾ അയക്കേണ്ടതാണ്. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള പൊതു ഉദ്യോഗാർത്ഥികളെ അവർക്ക് ഏതെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ ലഭിച്ചാൽ മറ്റേ റാങ്ക് ലിസ്റ്റിൽ നിന്നും KPSC Rules of Procedure Rule 18 (iii) പ്രകാരം നീക്കം ചെയ്യുന്നതാണ്.

v) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പു സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 06.02.2013 ലെ ജി. ഒ. (പി) നം. 5/2013/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി) 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

vi) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേക്കും നിയമന ശുപാർശ നടത്തുന്നതാണ്. 27.05.1971 ലെ ജി.ഒ. (എം.എസ്.) 154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 26.9.1980 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 442/80/പൊ.ഭ.വ അനുസരിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും.

vii) സർവ്വീസിൽ താഴ്ന്ന ശമ്പളമുള്ള ജീവനക്കാരായ ഉദ്യോഗാർത്ഥികളെ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മറ്റു യോഗ്യതകൾ നേടിയിരിക്കണം. വികലാംഗർക്കുള്ള ആനുകൂല്യങ്ങൾക്ക് ഈ വിഭാഗത്തിൽപ്പെട്ടവർ അർഹരല്ല.

viii) നേരിട്ടുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും വേണ്ടി പ്രത്യേകം മത്സരപരീക്ഷകൾ കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷകളുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് പട്ടികകൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്. തസ്തികമാറ്റം വഴിയുള്ള പരീക്ഷയിൽ 40% ൽ കുറയാതെ മാർക്ക് കരസ്ഥമാക്കുന്ന ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹത നേടുന്നതാണ്.

ix) കമ്മീഷൻ ജില്ലാ ഓഫീസുകളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ പത്ത് ശതമാനം (10%) ഒഴിവുകളിലേക്ക് സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ രണ്ടാം വിഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. മുകളിൽ പറഞ്ഞ പത്ത് ശതമാനം (10%) ഒഴിവുകൾ നികത്താൻ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്നപക്ഷം ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളും നിയമനശിപാർശ ചെയ്യപ്പെടാതെ വരുന്നപക്ഷം ടി ഉദ്യോഗാർത്ഥികളെ 8.12.1989ലെ ജി.ഒ.(പി) നംപർ 39/89/പി&എ.ആർ.ഡി. എന്ന സർക്കാർ ഉത്തരവുപ്രകാരം അടുത്തു തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉയർന്ന റാങ്കുകാരായി അതേ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

x) 01.07.2011ലെ ജി.ഒ.(എം.എസ്) നം. 21/2011/P&ARD പ്രകാരം നിഷ്കർഷിക്കപ്പെട്ട യോഗ്യത 01.07.2011 മുൻപ് സർക്കാർ സർവ്വീസിൽ പ്രവേശിച്ച താഴ്ന്ന ശമ്പളക്കാരായ ജീവനക്കാർക്ക് ബാധകമല്ല. 09.05.2005ലെ ജി.ഒ(പി) നം.17/2005/പി&എ.ആർ.ഡി പ്രകാരം നിഷ്ക്കർഷിക്കപ്പെട്ട യോഗ്യതയാണ് അവർക്ക് ബാധകം. അതായത് ഒന്നാമത്തെ യോഗ്യത എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യം എന്നതായിരിക്കും. രണ്ടാമത്തെ യോഗ്യതയായ KGTE (Malayalam) ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യതയുടെ കാര്യത്തിൽ തത്തുല്യയോഗ്യത സ്വീകരിക്കുവാൻ വ്യവസ്ഥയില്ല. (മൂന്നാമത്തെ യോഗ്യതയിൽ മാറ്റമില്ല).

xii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു. **(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 282/2018
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് /ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
## എൻ.സി.സി / സൈനിക ക്ഷേമം

**1. വകുപ്പ്** : എൻ.സി.സി / സൈനിക ക്ഷേമം

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് / ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്തഭടന്മാരിൽ നിന്നു മാത്രം)

**3. ശമ്പളം** : ₹ 19000–43600/–

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| 1. | കോട്ടയം | 4 (നാല്) |
| 2. | ഇടുക്കി | 1 (ഒന്ന്) |
| 3. | പാലക്കാട് | 2 (രണ്ട്) |
| 4. | കോഴിക്കോട് | 1 (ഒന്ന്) |
| 5. | ആലപ്പുഴ | 1 (ഒന്ന്) |
| 6. | കാസറഗോഡ് | 3 (മൂന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഈ ജില്ലകളിലെ എൻ.സി.സി/സൈനിക ക്ഷേമവകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും തയ്യാറാക്കപ്പെടുന്ന പൊതു റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതാണ്. (23.5.2001 ലെ 210/01ലെ നമ്പർ സർക്കാർ ഉത്തരവ് അച്ചടിച്ചത്). ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർജില്ലാ സ്ഥലംമാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991ലെ ജി.ഒ (പി) 36/1991/ ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല.

(iii) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേക്കും നിയമന ശുപാർശ നടത്തുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 26.9.1980 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 442/80/പൊ.ഭ.വ അനുസരിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(V) 3.1.2013 ലെ ജി.ഒ. (പി) 1/13/എസ്.ജെ.ഡി പ്രകാരം ഈ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈകല്യമുള്ളവർ, കുറഞ്ഞ കാഴ്ചയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കി വെച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അവരുടെ OTR പ്രൊഫൈലിൽ ഭിന്നശേഷി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) 100 ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 01, 34, 67 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ്/സപ്ലിമെന്ററി ലിസ്റ്റ്/ഭിന്നശേഷി ഉള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽനിന്നും നിയമന ശുപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡർ 18(iii) പ്രകാരം നീക്കം ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടൻമാരിൽ നിന്നു മാത്രം)

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 ലെ വയസ്സിളവ് ഉൾപ്പെടെ).

**നോട്ട്:** 1) ഈ തസ്തികയ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.

2) സൈനിക സേവനകാലം തെളിയിക്കുന്നതിന് മിലിറ്ററി ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

3) ഈ വിജ്ഞാപനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ 56 വയസ്സ് തികയാൻ പാടില്ല.

**7. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യം.

(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ).

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും. (ടൈപ്പ്റൈറ്റിംഗിലുള

ള ഐ.എം.സി സർട്ടിഫിക്കറ്റ് സ്വീകാര്യമല്ല).
2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം. (01.07.2011 ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി, 27.07.2015ലെ ജി.ഒ (എം.എസ്) നമ്പർ.24/2015/P&ARD).

എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

**കുറിപ്പ്:** (a) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(b) 18.5.1977 ലെ ജി.ഒ.(പി) 143/77/ജി.എ.ഡി, 6.1.1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം യോഗ്യരായ വിമുക്തഭടൻമാരായ ഉദ്യോഗാർത്ഥികൾക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ യോഗ്യത നേടേണ്ടതാണ്. എന്നാൽ 15 വർഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുതകാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.

(c) 11.5.1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(d) ടൈപ്പ്റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

(e) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 283/2018
## ഇലക്ട്രീഷ്യൻ
## ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ
**3. ശമ്പളം** : ₹.19,000–43,600
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് 1 ( ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്)4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതു, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

(v) 03.01.2013 ലെ G.O(p) No.01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Low vision/Blindness വിഭാഗത്തിലുള്ള ഭിന്നശേഷിക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** : (I) SSLC ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
(ii) ഇലക്ട്രീഷ്യൻ ട്രേഡിൽ ഐ.റ്റി.ഐ സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.
(iii) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള വയർമാൻ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ്/പെർമിറ്റ്.

കുറിപ്പ് : KS & SSR പാർട്ട് II റൂൾ 10 (a) (ii) ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

## കാറ്റഗറി നമ്പർ: 284/2018
## ലൈൻമാൻ
## പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം)

**1. വകുപ്പ്** : പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം)
**2. ഉദ്യോഗപ്പേര്** : ലൈൻമാൻ
**3. ശമ്പളം** : ₹ 19000–43600/
4.ഒഴിവുകളുടെ എണ്ണം : ജില്ലാടിസ്ഥാനത്തിൽ ആലപ്പുഴ– 01 (ഒന്ന്)

കുറിപ്പ് : (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02..12 1991ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) 36/91/പി&എ ആർ .ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം.

**6. പ്രായം:** 19–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**നോട്ട്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1) കുറഞ്ഞത് എസ്.എസ്.എൽ.സി നിലവാരത്തിലുള്ള അടിസ്ഥാന യോഗ്യത ഉണ്ടായിരിക്കണം.
2) ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ഒരു വർഷത്തിൽ കുറയാതെയുള്ള പഠനത്തിനു ശേഷം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്. (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള യോഗ്യതകൾ താഴെ കുറിപ്പ് 1 ൽ വിശദമാക്കിയിരിക്കുന്നു.)

അല്ലെങ്കിൽ

സിറ്റി ആന്റ് ഗിൽഡ്സ് ഓഫ് ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എ.സി ഇന്റർമീഡിയേറ്റ് ഗ്രേഡിലുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പരീക്ഷ ജയിച്ചിരിക്കണം.
(31.3.1985 നു ശേഷം ലഭിച്ച സർട്ടിഫിക്കറ്റ് സ്വീകാര്യമല്ല).

അല്ലെങ്കിൽ

ഇലക്ട്രിക്കൽ ലൈറ്റ് ആന്റ് പവ്വറിൽ കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ സർട്ടിഫിക്കറ്റ് (ഹയർ)

അല്ലെങ്കിൽ

വാർ ടെക്നിക്കൽ ട്രെയിനിംഗ് സെന്ററിൽ നിന്നും ഇലക്ട്രീഷ്യനായോ, ലൈൻമാനായോ ലഭിച്ചിട്ടുള്ള ഗ്രേഡ് III സർട്ടിഫിക്കറ്റ്.

**കുറിപ്പ്: 1** ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള യോഗ്യതകൾ താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നായിരിക്കണം.
i-) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒരു വർഷത്തിൽ കുറയാതെയുള്ള പഠനത്തിനുശേഷം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ സംസ്ഥാന പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ്.
ii) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരം ഐ.റ്റി.ഐ.കളിൽ നിന്നും ഇലക്ട്രീഷ്യൻ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC).
iii) മേൽപ്പറഞ്ഞ യോഗ്യതകൾക്ക് തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ഒരു വർഷത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സിനു ശേഷം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ നൽകുന്ന സർട്ടിഫിക്കറ്റിന് തത്തുല്യമായി അംഗീകരിച്ച യോഗ്യത.

**കുറിപ്പ്: 2** (b) KS & SSR Part II Rule 10 (a) ii ബാധകമാണ്

## കാറ്റഗറി നമ്പർ:285/2018
## പെയിന്റർ
## ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : പെയിന്റർ
**3. ശമ്പളം** : ₹ 17,000–37,500/ –
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് 1 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991ലെ ജി.ഒ.(പി)നം. 36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(V) 03.01.2013 ലെ ജി.ഒ (പി) നമ്പർ 1/13/എസ്.ജെ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയിലേക്കുള്ള ഒഴിവുകളുടെ 3% യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം .

**6. പ്രായം** : 19–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും .

**കുറിപ്പ്** : (1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകുല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ** : 1) പെയിന്റർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.
2) പെയിന്റർ ട്രേഡിൽ സാങ്കേതിക യോഗ്യതയായ NTC നേടിയതിനു ശേഷം സ്പ്രേ പെയിന്റിംഗ്, ഹാൻഡ് പെയിന്റിംഗ്, ലെറ്റർ റൈറ്റിംഗ്, പെയിന്റിംഗ് മോണോഗ്രാം തുടങ്ങിയവയിൽ നേടിയ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. സർക്കാർ/അർദ്ധ സർക്കാർ ഒഴികെയുള്ള സ്ഥാപനങ്ങൾ നല്കുന്ന പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് കമ്പനി ആക്ട്, S.S.I. ആക്ട് അല്ലെങ്കിൽ കോഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായിരിക്കണം.

കുറിപ്പ് : (i) കെ.എസ് ആന്റ് എസ്.എസ്.ആർ പാർട്ട് II റൂൾ 10 a(ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.
(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 286/2018
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു. പി. എസ്) (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

**1 വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)(യു.പി.എസ്) (തസ്തികമാറ്റം വഴി)
**3. ശമ്പളം** : 11620–20240/ (PR)
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ മലപ്പുറം 5 (അഞ്ച് )

കാസർഗോഡ് 2 (രണ്ട്)

**കുറിപ്പ്:** ii) തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റിവെയ്ക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ (approved Probationer) ആയിരിക്കണം.

iv) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിനെ ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റ് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

ii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ :**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യതയും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ)പരീക്ഷയും പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

(എ) എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

(ബി) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷയും പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള/കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അറബി പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും പാർട്ട് III അറബി (സ്പെഷ്യൽ ഓപ്ഷണൽ) എടുത്ത് പ്രീഡിഗ്രി പാസ്സായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്) പാസ്സായിരിക്കണം

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് , ടൈപ്പിസ്റ്റ്,അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതിലെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ ടെ റ്റ് )പാസ്സായിട്ടില്ലെങ്കിലും 31 .03 .19 നുള്ളിൽ (കെ ടെ റ്റ് )യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (G.O. (MS) No. 134/2017/G.Edn. Dated 30.10.2017))

